VOL NO: 09
ISSUE 30
2025 JULY 26
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

- അതിവാദവും നിഷ്ക്രിയത്വവും

# വർഗീയ വിഷം ചീറ്റുന്ന കപട മതേതര മുഖങ്ങൾ



നാലു വോട്ടിന് വേണ്ടി, നാക്കിൽപിഴ പോലും നരകം തീർക്കാൻ ഉപയോഗപ്പെടുത്തുന്ന നേതാക്കളാണ് നാടിന്റെ ശാപം! ആൾപ്പൊക്കത്തിൽ മതില് തീർത്ത് അതിലൊരു സിംഹാസനവും പണിത് അധികാര ദണ്ഡിനെ അണച്ചു പുൽകുന്ന സമുദായക്കിഴവന്മാർ പാലിക്കുന്ന ധർമപരിപാലനത്തിന്റെ നിർവചനമെന്താണാവോ?

**ഭാഷാവിസ്മയങ്ങൾ**

**ജലത്തിലെ ദൃഷ്ടാന്തങ്ങൾ**

**ഇസ്‌ലാമിലെ സ്ത്രീ അടിച്ചമർത്തപ്പെട്ടവളോ?**




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

444

# നേർപഥം

വാരിക

2025 ജൂലൈ 26
1447 മുഹറം 30
പുസ്തകം 09 / ലക്കം 30






Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**


Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




മുജീബ് ഒട്ടുമ്മൽ

നാലു വോട്ടിന് വേണ്ടി, നാക്കിൽപിഴ പോലും നരകം തീർക്കാൻ ഉപയോഗപ്പെടുത്തുന്ന നേതാക്കളാണ് നാടിന്റെ ശാപം! ആൾപ്പൊക്കത്തിൽ മതില് തീർത്ത് അതിലൊരു സിംഹാസനവും പണിത് അധികാര ദണ്ഡിനെ അണച്ചു പുൽകുന്ന സമുദായക്കിഴവന്മാർ പാലിക്കുന്ന ധർമപരിപാലനത്തിന്റെ നിർവചനമെന്താണാവോ ?


05 മുഖമൊഴി
ജലത്തിലെ ദൃഷ്ടാന്തങ്ങൾ

06 പഠനം
അതിവാദവും നിഷ്ക്രിയത്വവും
ശമീർ മദീനി

16 കർമപഥം
എന്താണ് മഹ്ർ?
അബ്ദുൽ ജബ്ബാർ മദീനി

18 ലേഖനം
ഇസ്‌ലാമിലെ സ്ത്രീ അടിച്ചമർത്തപ്പെട്ടവളോ?
ഉമ്മു മിസ്‌യാൽ മൊറയൂർ

21 ലേഖനം
ഭാഷാവിസ്മയങ്ങൾ
ഡോ. ടി. കെ. യൂസുഫ്

24 സൂറതു റൂം
ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26 ലേഖനം
ക്ഷമാശീലയായ എന്റെ പ്രിയ സഹോദരി
ശൈഖ് അബ്ദുറസാക്വ് അൽബദർ
വിവ: സ്വഫ്‌വാൻ മുഹമ്മദ് അൽഹികമി,ആമയൂർ

31 ലേഖനം
വിധിവിശ്വാസം
മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

34 കവിത
പിന്തിരിയാത്ത പോരാളി
സുധീർ മേച്ചേരി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വിദ്വേഷ പ്രചാരകരെ നിലയ്ക്ക് നിറുത്തണം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

തിരുവനന്തപുരം: വർഗീയവിഷം വിളമ്പുന്നത് ആരായാലും അവർ മലയാളികളുടെ സാമൂഹ്യ സുരക്ഷ യെയാണ് അപകടപ്പെടുത്തുന്നതെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ തിരുവനന്തപുരം ജില്ലാ പ്രതിനിധി സംഗമം അഭിപ്രായപ്പെട്ടു.

കുടുംബം, ധാർമികത, സമൂഹം എന്ന ശീർഷകത്തിലാണ് പ്രതിനിധി സംഗമം സംഘടിപ്പിച്ചത്. വർഗീയതക്ക് തീപിടിച്ചാൽ അതിൽ കത്തിയെരിയുന്നത് ഏതെങ്കിലും ഒരു വിഭാഗമായിരിക്കില്ല. വർഗീയ വിദ്വേഷ പ്രചാരകരെ നിലക്ക് നിറുത്താനും നിയന്ത്രിക്കാനും തയ്യാറായില്ലെങ്കിൽ പ്രത്യാഘാതങ്ങൾക്ക് ഭരണകൂടവും ഉത്തരവാദികളായിരിക്കും. വർഗീയതയെ മനസ്സിലൊളിപ്പിച്ച് മതനിരപേക്ഷയുടെ മുഖംമൂടിയണിഞ്ഞവരുടെ വികൃതമുഖം സമൂഹത്തെ ബോധ്യപ്പെടുത്താനുള്ള അവസരമായി ബുദ്ധിയു ള്ളവർ ഈ സാഹചര്യം ഉപയോഗപ്പെടുത്തണമെന്നും സംഗമം ആവശ്യപ്പെട്ടു. വർഗീയ പ്രസംഗത്തിലൂടെ സമുദായത്തെ നിരന്തരം നോവിച്ചുകൊണ്ടിരിക്കുന്ന വിഷപ്പാമ്പുകൾക്കെതിരെ നിലപാടെടുക്കാൻ ഭരണകൂടം തയ്യാറാകണമെന്നും സംഗമം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ബഷീർ.വി.പി. സംഗമം ഉദ്ഘാടനം ചെയ്തു. വിസ്ഡം ഓർഗനൈസേഷൻ ജില്ലാ സെക്രട്ടറി നസീർ കൊല്ലായി അധ്യക്ഷത വഹിച്ചു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് അസ്ഹർ ചാലിശ്ശേരി, സി. പി.സലീം, നസീർ വള്ളക്കടവ്, ഹാറൂൺ വള്ളക്കടവ്, സമീർ കരിച്ചാറ തുടങ്ങിയവർ സംസാരിച്ചു. ■

# ലിബറൽ ആശയങ്ങളുടെ ഒളിച്ചുകടത്തൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കും

ഭരണസംവിധാനം മറയാക്കി ലിബറൽ ആശയങ്ങളുടെ പ്രചാരണവും ഒളിച്ചുകടത്തലും ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങൾ ക്ഷണിച്ച് വരുത്തുമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിവിധ ജില്ലകളിൽ സംഘടിപ്പിച്ച മുജാഹിദ് പ്രതിനിധി സംഗമങ്ങൾ അഭിപ്രായപ്പെട്ടു.

'കുടുംബം, ധാർമികത, സമൂഹം' എന്ന പ്രമേയത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ഈസ്റ്റ്, മലപ്പുറം വെസ്റ്റ്, മലപ്പുറം നോർത്ത്, കോഴിക്കോട് സൗത്ത്, വയനാട് ജില്ലകളിലാണ് ജൂലൈ 20ന് പ്രതിനിധി സംഗമങ്ങൾ നടന്നത്. വിസ്ഡം ഇസലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്, ട്രഷറർ കെ. സജ്ജാദ്, ഹാരിസ് ബിൻ സലീം, നാസിർ ബാലുശ്ശേരി, സി.പി. സലീം, ഫൈസൽ മൗലവി തുടങ്ങിയവർ വിവിധ ജില്ലാ സംഗമങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

സമൂഹത്തിൽ വ്യവസ്ഥാപിതമായി നിലനിൽക്കുന്ന കുടുംബ സംവിധാനങ്ങളെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ വലിയ ജാഗ്രത പുലർത്തണമെന്നും സംഗമങ്ങൾ ഓർമപ്പെടുത്തി. കേരളത്തിലെ വിദ്യാഭ്യാസ, ആരോഗ്യ പ്രവർത്തനങ്ങളിൽ സർക്കാറിന്റെയും, മത-സാമുഹിക സംഘടനകളുടെയും പങ്ക് ചെറുതല്ല എന്നത് ഭരണകൂടം വിസ്മരിക്കരുത്. രാജ്യത്തിന്റെ ഭരണഘടന വിഭാവനം ചെയ്യുന്ന അഭിപ്രായ സ്വാതന്ത്ര്യത്തെയും ജനാധിപത്യാവകാശങ്ങളെയും മാനിക്കാൻ എല്ലാവർക്കും സാധിക്കണം. വിദ്യാഭ്യാസം ഉൾപ്പെടെയുള്ള പൊതു മേഖലയിൽ വരുത്തുന്ന പരിഷ്ക്കാരങ്ങൾ സോഷ്യൽ ഓഡിറ്റിംഗിനും ചർച്ചക്കും വിധേയമാക്കാൻ സർക്കാർ തയ്യാറാകണം. സ്കൂൾ സമയമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചയിലൂടെ പരിഹരിക്കണമെന്നും സംഗമങ്ങൾ അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ എന്നിവയുടെ സംസ്ഥാന ഭാരവാഹികൾ വിവിധ ജില്ലകളിൽ സംഗമങ്ങൾക്ക് നേതൃത്വം നൽകി. ■

# ജലത്തിലെ ദൃഷ്ടാന്തങ്ങൾ

അല്ലാഹു പറയുന്നു: "...വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?" (ക്വുർആൻ 21:30).

"...എന്നിട്ട് അത് (വെള്ളം) മൂലം കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിച്ചുണ്ടാക്കിത്തരികയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചു പോകുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 27:80).

ശുദ്ധജലം ഉണ്ടാക്കിത്തന്നതിലൂടെ അല്ലാഹു മനുഷ്യവർഗത്തിനും ഇതരജീവജാലങ്ങൾക്കും ചെയ്തിട്ടുള്ള ഔദാര്യത്തെക്കുറിച്ച് ആലോചിച്ചു നോക്കുക. ജന്തുക്കൾ, സസ്യങ്ങൾ തുടങ്ങി ഭൂമുഖത്തുള്ള സകലതിന്റെയും ജീവിതം ജലത്തെ ആശ്രയിച്ചിരിക്കുന്നു. വെള്ളം തീരെ ലഭിക്കാത്ത അവസ്ഥ സംജാതമായാൽ, അങ്ങനെ വെള്ളം ലഭിക്കാതെ മരണം മുന്നിൽ കാണുന്ന അവസ്ഥ വന്നാൽ താൻ ഈ ലോകത്ത് നേടിവച്ചിട്ടുള്ള മുഴുവൻ സമ്പത്തും അത് ലഭിക്കാനായി ചെലവഴിക്കാൻ മനുഷ്യൻ തയ്യാറാകുമെന്നതിൽ സംശയമില്ല.

ജീവജാലങ്ങളുടെ നിലനിൽപിന്നാധാരമായ ജലത്തെ എങ്ങനെ അല്ലാഹു സുലഭമാക്കിയിരിക്കുന്നു വെന്ന് ചിന്തിക്കുക. ജലത്തെ ദുർലഭവസ്തുവാക്കിയിരുന്നെങ്കിൽ കാര്യങ്ങൾ എന്തുമാത്രം കുടുസ്സാകുമായിരുന്നു! ജലം ഭൂമിയിൽ ആഴ്ന്നിറങ്ങുന്നു. അങ്ങനെ വൻവൃക്ഷങ്ങളുടെയും ചെറു സസ്യങ്ങളുടെയുമൊക്കെ വേരുകൾക്ക് വെള്ളം വലിച്ചെടുക്കാൻ കഴിയുന്നു. ജലത്തിന്റെ പ്രകൃതി താഴോട്ടൊഴുകുക എന്നതായിരുന്നിട്ടും വേരുകൾ കുടിക്കുന്ന വെള്ളം മേൽപോട്ടുയർന്ന് വൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും എത്തുന്നു!

ദഹനത്തിനും ശരീരത്തിലെ മറ്റു പല പ്രവർത്തനങ്ങൾക്കും വെള്ളം അനിവാര്യമാണ്. അതിന്റെ അളവ് കുറയുമ്പോൾ ദാഹത്തിലൂടെ അക്കാര്യം ശരീരം നമ്മെ അറിയിക്കുന്നു. ശരീരത്തിലും വസ്ത്രത്തിലും മറ്റുമുള്ള അഴുക്ക് കളയുവാനുള്ള ശക്തിയും അല്ലാഹു വെള്ളത്തിന് നൽകിയിട്ടുണ്ട്. കെട്ടിടനിർമാണത്തിന് ആവശ്യമായ സിമന്റും മണലും മറ്റും കൂട്ടിക്കുഴക്കണമെങ്കിൽ വെള്ളം വേണം.

ഏതുതരം പാനിയത്തെയും നേർപ്പിക്കുന്നതും വെള്ളം ചേർത്താണ്. എങ്കിലേ അത് അനായാസം കുടിക്കാൻ പറ്റൂ. അഗ്നിബാധയുണ്ടായാൽ അത് കെടുത്തുവാൻ വെള്ളം വേണം. വെള്ളം വീഴുന്നതോടെ തീയണയുന്നു! ക്ഷീണിച്ചുവലഞ്ഞ സമയത്ത് ശുദ്ധജലത്തിൽ ഒന്നു കുളിച്ചാൽതന്നെ നല്ല ആശ്വാസവും സുഖവും ലഭിക്കുന്നു. ഭക്ഷ്യവസ്തുക്കൾ പാകം ചെയ്യാനും ജലം കൂടിയേതീരൂ. ഈർപ്പമില്ലാതെ ഉപയോഗിക്കാനാവാത്ത ഏതു വസ്തു പ്രയോജനപ്പെടുത്താനും വെള്ളം വേണം. അങ്ങനെ വെള്ളത്തിന്റെ അനിവാര്യതകൾ എണ്ണിയാലൊടുങ്ങുന്നതല്ല. ഈ അനുഗ്രഹങ്ങളെക്കുറിച്ച് നാം ഗൗരവപൂർവം ചിന്തിക്കേണ്ടതുണ്ട്. ജലം അല്ലാഹു പ്രകൃതിയിൽ അളവറ്റവണ്ണം സുലഭമാക്കിയിരിക്കുകയാണ്; കിണർ കുഴിച്ചും മറ്റും നിഷ്പ്രയാസം കൈവശമാക്കാൻ പറ്റിയവിധത്തിൽ. അത് ദുർലഭമായാൽ ജീവിതം എത്രമാത്രം ക്ലേശകരമാകുന്നു!

ഈ ലോകം അതിലെ ജന്തുക്കളാലും സസ്യങ്ങളാലും ഖനിജങ്ങളാലും എണ്ണമില്ലാത്ത മറ്റനേകം ഉപയോഗവസ്തുക്കളാലും സംസ്കരിക്കപ്പെടാനുദ്ദേശിച്ചുകൊണ്ടാണ് അല്ലാഹു ജലത്തെ ഇറക്കുകയും അനായാസം പ്രാപ്യമാക്കുകയും ചെയ്തിരിക്കുന്നതെന്ന് ഇതിൽനിന്നെല്ലാം സ്പഷ്ടമാണ്.

"അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരികയും അത് മൂലം ഭൂമിയെ അത് നിർജീവമായിക്കിടന്നതിന് ശേഷം അവൻ സജീവമാക്കുകയും ചെയ്തു. കേട്ട് മനസ്സിലാക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്"(ക്വുർആൻ 16:65).




# അതിവാദവും നിഷ്ക്രിയത്വവും

അല്ലാഹുവും റസൂലും നിർത്തിയേടത്തു നിന്ന് മനുഷ്യരെ തെറ്റിച്ചു കൊണ്ടു പോവുക എന്നത് പിശാച് കെണിയിൽപ്പെടുത്തുന്ന മറ്റൊരു രീതിയാണ്. ഒന്നുകിൽ തീവ്രതകൊണ്ട് പരിധിവിട്ട് നേർമാർഗത്തിൽ നിന്ന് പുറത്തു ചാടിക്കുക, അല്ലെങ്കിൽ നേർമാർഗത്തിന്റെ നന്മകളോട് വിമുഖത കാണിച്ചു പിന്തിരിപ്പിച്ചു കൊണ്ടുപോവുക. ഇത് രണ്ടിൽ ഏതായാലും സന്മാർഗ ഭ്രംശമാണെന്നതിനാൽ പിശാചിന് അവ ഏറെ പ്രിയങ്കരമാണ്.

മഖ്ലദുബ്നുൽ ഹുസൈൻ(റ) പറയുന്നു: "അല്ലാഹു ഏതൊരു നന്മയിലേക്ക് മനുഷ്യനെ പ്രേരിപ്പിച്ചാലും രണ്ടാലൊരു വഴിയിലൂടെ പിശാച് അതിന് തടസ്സം നിൽക്കും. അതിലേതിലൂടെയാണ് ലക്ഷ്യം നേടുക എന്നത് അവൻ പ്രശ്നമാക്കാറില്ല. ഒന്നുകിൽ പരിധിവിട്ടു കൊണ്ടുള്ള അതിവാദത്തിന്റെ രീതി, അതല്ലെങ്കിൽ നന്മയിൽനിന്ന് പിന്തിരിപ്പിച്ച് അതിൽ വീഴ്ച വരുത്തിക്കൽ" (തൽബീസു ഇബ്ലീസ്, പേജ് 46).

ഇബ്നുൽ ഖയ്യിമും(റഹി) ഇക്കാര്യം വിശദമാക്കുന്നുണ്ട്:

**നിർബന്ധവും ഐച്ഛികവുമായ ആരാധനാ കർമങ്ങൾ നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് പ്രയോഗവൽക്കരിച്ചതും എങ്ങനെയെന്ന് പഠിച്ചറിഞ്ഞ് പിൻപറ്റേണ്ടതിനു പകരം, ചിലർ 'നല്ലതല്ലേ' എന്ന പേരിൽ മതത്തിന്റെ അതിർവരമ്പുകൾ ലംഘിച്ചുകൊണ്ട് നബി(സ്വ) പഠിപ്പിക്കാത്തതും സച്ചരിതരായ മുൻഗാമികൾക്ക് പരിചയമില്ലാത്തതുമായ പല കാര്യങ്ങളും മതത്തിൽ കടത്തിക്കൂട്ടി ഭക്തിയാദരപൂർവം കൊണ്ടുനടക്കുന്നതു കാണാം. എന്നാൽ മറ്റു ചിലരാകട്ടെ ഐച്ഛിക കർമങ്ങളുടെ കാര്യം മാത്രമല്ല നിർബന്ധമായ ആരാധനാകർമങ്ങൾ തന്നെയും ഉപേക്ഷിക്കുന്നു. ഇത് രണ്ടും പിശാചിന്റെ കെണികളാണെന്ന് തിരിച്ചറിഞ്ഞ് മതത്തിന്റെ ശരിയായ മാർഗനിർദേശങ്ങൾ പിൻപറ്റുവാനാണ് നാം ശ്രദ്ധിക്കേണ്ടത്.**

"അല്ലാഹു ഏതൊരു കാര്യം കൽപിച്ചാലും പിശാചിന് അതിൽ രണ്ട് സമീപനങ്ങൾ ഉണ്ടായിരിക്കും. ഒന്നുകിൽ അതിരുകവിച്ചിൽ അഥവാ അതിവാദത്തിന്റേത്. അല്ലെങ്കിൽ വീഴ്ച വരുത്തുന്ന നിഷ്ക്രിയത്വത്തിന്റേത്. ആളുകളുടെ അഭിപ്രായങ്ങളും ചിന്താഗതികളും മാറ്റിവെച്ച് പ്രവാചക അധ്യാപനങ്ങളെ പിൻപറ്റി അതിന്റെ പിന്നാലെ പോകുന്നവരല്ലാത്ത ഒരാൾക്കും തന്നെ ഈ രണ്ട് ആപത്തുകളിൽനിന്നും രക്ഷപ്പെടുവാൻ സാധിക്കുകയില്ല" (കിതാബുർറൂഹ് , പേജ് 257).

ഉദാഹരണം പറയാം: നിർബന്ധമായ (ഫർദായ) ആരാധനാകർമങ്ങൾക്ക് പുറമെ സുന്നത്തായ കർമങ്ങളിലൂടെയും നമുക്ക് അല്ലാഹുവിലേക്ക് അടുക്കുവാൻ സാധിക്കും. നിർബന്ധവും ഐച്ഛികവുമായ ഇത്തരം ആരാധനാകർമങ്ങൾ നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് പ്രയോഗവൽക്കരിച്ചതും എങ്ങനെയെന്ന് പഠിച്ചറിഞ്ഞ് പിൻപറ്റേണ്ടതിനു പകരം, ചിലർ 'നല്ലതല്ലേ' എന്ന പേരിൽ മതത്തിന്റെ അതിർവരമ്പുകൾ ലംഘിച്ചുകൊണ്ട് നബി(സ്വ) പഠിപ്പിക്കാത്തതും സച്ചരിതരായ മുൻഗാമികൾക്ക് പരിചയമില്ലാത്തതുമായ പല കാര്യങ്ങളും മതത്തിൽ കടത്തിക്കൂട്ടി ഭക്തിയാദരപൂർവം കൊണ്ടുനടക്കുന്നതു കാണാം. എന്നാൽ മറ്റു ചിലരാകട്ടെ ഐച്ഛിക കർമങ്ങളുടെ കാര്യം മാത്രമല്ല നിർബന്ധമായ ആരാധനാകർമങ്ങൾ തന്നെയും ഉപേക്ഷിക്കുന്നു. ഇത് രണ്ടും പിശാചിന്റെ കെണികളാണെന്ന് തിരിച്ചറിഞ്ഞ് മതത്തിന്റെ ശരിയായ മാർഗനിർദേശങ്ങൾ പിൻപറ്റുവാനാണ് നാം ശ്രദ്ധിക്കേണ്ടത്.

ഇസ്‌ലാമിക സമൂഹത്തിലെ പല കക്ഷികളിലും ഇതിനു നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും. ഖവാരിജുകൾ എന്ന പേരിൽ അറിയപ്പെടുന്ന, ഇസ്‌ലാമിക സമൂഹത്തിലെ ഒന്നാമത്തെ ബിദ്ഈ വിഭാഗം അതിവാദത്തിന്റെ തുടക്കക്കാരാണ്. ആചാരാനുഷ്ഠാനങ്ങളിലും ആരാധനാകർമങ്ങളിലും നബി(സ്വ) പഠിപ്പിച്ചതും സ്വഹാബത്ത് ചെയ്തതുമൊന്നും പോരാ എന്ന തോന്നൽ ഇതിന്റെ മറ്റൊരു രൂപമാണ്. എന്നാൽ ഇതിന്റെ നേർവിപരീതമായ ആശയമാണ് 'മുർജിഅ' എന്ന വിഭാഗത്തിനുള്ളത്. അഥവാ വിശ്വാസം പ്രഖ്യാപിച്ചു കഴിഞ്ഞാൽ പിന്നെ എത്രതന്നെ തിന്മകൾ ചെയ്താലും നന്മകൾ ചെയ്യാതിരുന്നാലും യാതൊരു കുഴപ്പവുമില്ല എന്ന വാദം. അബൂബക്കർ(റ)വും അബൂജഹലുമൊക്കെ ഒരേപോലെയാണ് എന്നാണ് ഇത്തരക്കാരുടെ വീക്ഷണം. 'അബൂജഹലിനും അല്ലാഹുവിൽ വിശ്വാസമുണ്ടായിരുന്നു, കർമങ്ങളല്ല മനുഷ്യനെ ശ്രേഷ്ഠനാക്കുന്നത്' എന്നായിരുന്നു അവരുടെ വാദം. ഇത്തരത്തിലുള്ള നിഷ്ക്രിയവാദത്തിന്റെ വക്താക്കളായ മുർജിഅ വിഭാഗക്കാരുടെ ആധുനികമായ പല കോലങ്ങളിൽ ഒന്നാണ് നിർബന്ധവും ഐഛികവുമായ ആരാധനാകർമങ്ങളെയൊക്കെ നിസ്സാരവൽ

ക്കരിച്ച് ഉപേക്ഷിക്കുന്ന ചിലരുടെ രീതി.

നബി(സ്വ)യും സ്വഹാബത്തും കറകളഞ്ഞ വിശ്വാസം സ്വീകരിച്ചതിന്റെ കൂടെത്തന്നെ കർമങ്ങൾ കൊണ്ടും സജീവമായിരുന്നു. ആരാധനാകർമങ്ങളിലും മറ്റു നന്മകളിലും അവർ മുൻപന്തിയിൽ ഉണ്ടായിരുന്നു.

പരലോക വിജയികളെക്കുറിച്ച് പറയുമ്പോഴൊക്കെയും വിശുദ്ധ ക്വുർആൻ പ്രത്യേകം പരാമർശിച്ച 'സൽകർമങ്ങൾ അനുഷ്ഠിക്കുന്നവർ' എന്ന പ്രയോഗം ക്വുർആനിൽ എത്രയോ തവണ ആവർത്തിച്ചത് കാണാൻ കഴിയും.

അല്ലാഹു പറയുന്നു: "ആകയാൽ നിന്റെ രക്ഷിതാവിനെ സ്തുതിച്ച് കൊണ്ട്നീ സ്തോത്രകീർത്തനം നടത്തുകയും നീ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക" (15:99).

ഏതാണ്ടെല്ലാ മേഖലയിലും ഇത്തരം അതിവാദങ്ങളും നിഷേധവും കാണാം. ഇസ്‌ലാമിക വിശ്വാസങ്ങളിൽ സുപ്രധാനമായ വിധിവിശ്വാസത്തിന്റെ കാര്യം ഇതിനൊരു ഉദാഹരണമാണ്. 'എല്ലാം അല്ലാഹുവിന്റെ വിധിയായതിനാൽ നമ്മൾ എന്തു ചെയ്തിട്ടും യാതൊരു കാര്യവുമില്ല' എന്ന ഒരു വാദഗതിയും, മറുവശത്ത് 'എല്ലാം നമ്മൾതന്നെ നിശ്ചയിക്കുന്നതും ഉണ്ടാക്കുന്നതുമാണ്; അതല്ലാതെ വിധിയും രേഖപ്പെടുത്തലും ഒന്നുമില്ല' എന്ന മറുവാദവും. ആദ്യത്തെത് 'ജബരിയത്ത്' എന്ന അതിവാദമാണെങ്കിൽ രണ്ടാമത്തെത് 'ക്വദരിയത്ത്' എന്ന നിഷേധമാണ്. ഇവ രണ്ടിനും ഇടയിലാണ് ഇസ്‌ലാം പഠിപ്പിക്കുന്ന മധ്യമ ആശയം; അഥവാ അഹ്‌ലുസ്സുന്നയുടെ ആദർശം. അല്ലാഹുവിന്റെ വിധിയും തീരുമാനവുമൊക്കെ എല്ലാ കാര്യങ്ങളിലുമുണ്ട്. ആത്യന്തികമായ വിധി അവന്റെ നിശ്ചയമാണ്. എന്നാൽ മനുഷ്യൻ ചെയ്യേണ്ടത് ചെയ്യുക എന്നതും അതിന്റെ ഭാഗം തന്നെയാണ്. ഓരോ കാര്യത്തിനും ഓരോ കാരണങ്ങൾ സ്രഷ്ടാവായ അല്ലാഹു പ്രകൃതിയിൽ സംവിധാനിച്ചിട്ടുണ്ട്. അത് ശ്രദ്ധിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യാനാണ് മതം പഠിപ്പിക്കുന്നത്. അതിന്റെ ഭാഗമായി യാത്രയിലും ചികിത്സയിലും തൊഴിൽ രംഗത്തുമെല്ലാം സുരക്ഷയുടെയും ജാഗ്രതയുടെയും എല്ലാവിധ മുൻകരുതലുകളും നാം എടുക്കേണ്ടതുണ്ട്. എന്നാൽ അത് മാത്രം പോരാ, അതിനപ്പുറത്ത് പടച്ചവന്റെ സഹായവും അനുഗ്രഹവും നമുക്ക് വേണം. അതിനായി ഓരോ ഘട്ടത്തിലും നമ്മൾ പ്രാർഥിക്കുകയും പടച്ചവനിൽ ഭരമേൽപിക്കുകയും വേണം. ഇതാണ് ഇസ്‌ലാം പഠിപ്പിക്കുന്ന തൗഹീദിന്റെയും തവക്കുലിന്റെയും പാഠങ്ങൾ. 'ഒട്ടകത്തെ കെട്ടിയിട്ട് തവക്കുൽ ചെയ്യുക' എന്ന പ്രവാചക അധ്യാപനവും അതാണ് പഠിപ്പിക്കുന്നത്.

പിശാച് വ്യതിയാനത്തിന്റെ ഇരുവശങ്ങളിലേക്കും പിടിച്ചുവലിക്കുമ്പോൾ അതിലേക്ക് ചാഞ്ഞു പോകാതെ നേരിന്റെ നേർവഴിയിൽ അടിയുറച്ചു നിൽക്കാൻ നമ്മുടെ കൂടെയുണ്ടാകേണ്ടുന്ന തിരിച്ചറിവിന്റെ ആദർശ ബോധമാണ്; അല്ലാഹു പ്രശംസിച്ചവരും പ്രവാചകനോടൊപ്പം സഹവസിക്കാൻ ഭാഗ്യം ലഭിക്കുകയും ചെയ്ത സച്ചരിതരായ മുൻഗാമികൾ നിലകൊണ്ടമാർഗം ഏതെന്ന് മനസ്സിലാക്കി അവർ നിലകൊണ്ട ആ മാർഗമാണ് സത്യത്തിന്റെ മാർഗം എന്ന ബോധ്യത്തോടെ അത് പിൻപറ്റുവാനുള്ള പരിശ്രമം. അല്ലാതെ, ആളുകളെ നന്നാക്കാൻ എന്ന പേരിൽ നമ്മൾ പുതിയ മാർഗവും രീതിയും കണ്ടെത്തുവാൻ പരിശ്രമിക്കുമ്പോൾ പിശാചിന്റെ വലയിൽ നമ്മളും പെട്ടിരിക്കുന്നു എന്ന കാര്യം പലരും അറിയാതെ പോകുന്നു.

പിശാചുക്കൾ പറയാറുണ്ടത്രെ: 'സുന്നത്ത് അനുധാവനം ചെയ്യുന്നവനെക്കാൾ നമുക്ക് ശ്രമകരമായത് മറ്റൊന്നുമില്ല. എന്നാൽ ദേഹേച്ഛകളുടെ ആളുകളാകട്ടെ; നമുക്ക് അവരെക്കൊണ്ട് യഥേഷ്ടം കളിക്കുവാൻ സാധിക്കുന്നതാണ്' (തൽബീസു ഇബ്‌ലീസ്, പേജ് 53).

■

# മുസ്‌ലിം സമുദായം സ്വത്വത്തിലേക്ക് മടങ്ങണം: വിസ്ഡം യൂത്ത് സംസ്ഥാന കൗൺസിൽ

കോഴിക്കോട്: സമകാലിക വെല്ലുവിളികൾ മനസ്സിലാക്കി, സ്വത്വബോധമുള്ളവരായി പ്രവർത്തിക്കാൻ മുസ്‌ലിം സാമുദായിക സംഘടനകൾ തയ്യാറാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന കൗൺസിൽ ആവശ്യപ്പെട്ടു. കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിലാണ് കൗൺസിൽ സംഘടിപ്പിച്ചത്.

മുസ്‌ലിം സമൂഹത്തിന്റെ സാമുദായികവും രാഷ്ട്രീയവുമായ അജണ്ടകൾ ഹൈജാക്ക് ചെയ്യപ്പെടുന്നതിനെതിരെ ജാഗ്രത പാലിക്കണം. നവോത്ഥാനത്തിന്റെ ലക്ഷ്യം തിരിച്ചറിഞ്ഞ് അജണ്ടകൾ രൂപപ്പെടുത്താൻ സാധിക്കണം- കൗൺസിൽ ആവശ്യപ്പെട്ടു. നിരന്തരം ബോധവൽക്കരണങ്ങൾ നടന്നിട്ടും അധാർമിക തയും ആർഭാടങ്ങളും വർധിച്ച് വരുന്നതിൽ കൗൺസിൽ ഉത്കണ്ഠ രേഖപ്പെടുത്തി.

എംപവർ മീറ്റ്, ടീച്ചേർസ് കോൺഫറൻസ്, 'പ്രോഫേസ്' പ്രൊഫഷണൽ ഫാമിലി കോൺഫറൻസ്, കഴ്ച പരിമിതർക്കായുള്ള 'വിഷൻ' മീറ്റുകൾ, ആദർശ സമ്മേളനങ്ങൾ, ഡയലോഗ്, സ്നേഹസ്പർശം, വിസ്ഡം ഡേകൾ തുടങ്ങി അടുത്ത ആറുമാസത്തെ കർമ പദ്ധതികൾ പ്രഖ്യാപിച്ച് കൗൺസിൽ സമാപിച്ചു.

സംസ്ഥാന കൗൺസിലിന്റെ സമാപനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അഷ്റഫ്, സി.പി സലീം, കെ. സജ്ജാദ്, ടി.കെ നിഷാദ് സലഫി, ഡോ. അൻഫസ് മുക്രം, ഡോ പി.പി നസീഫ്, ഡോ. ബഷീർ വി.പി, യു. മുഹമ്മ് മദനി, ജംഷീർ സ്വലാഹി, ഫിറോസ് സ്വലാഹി, മുനവ്വർ സ്വലാഹി, മുസ്തഫ മദനി, ഡോ. അബ്ദുൽ മാലിക്, യൂനുസ് പട്ടാമ്പി എന്നിവർ സംസാരിച്ചു.

# അൽമഹാറ നാലാം പതിപ്പിന് പ്രൗഢമായ പ്രഖ്യാപനം

മലപ്പുറം : സൗദി മതകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സൗദി എംബസിയുമായി സഹകരിച്ച് ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യയും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന വൈജ്ഞാനിക മത്സരമായ 'അൽ മഹാറ'യുടെ നാലാം പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി മിനി ഊട്ടിയിലെ മെയ്ൻ ക്യാംപസിൽ വെച്ച് നിർവഹിച്ചു. വിശുദ്ധ ഖുർആൻ പഠനം, പാരായണം, അറബി ഭാഷ, കല, സാഹിത്യം എന്നിവയുടെ പ്രചരണവും പ്രോത്സാഹനവുമാണ് മത്സരം ലക്ഷ്യം വെക്കുന്നത്.

നാല് ലക്ഷത്തിലധികം രൂപയുടെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും ട്രോഫികളും വിജയികൾക്ക് വേണ്ടി അൽമഹാറ സംഘാടക സമിതി നൽകുന്നുണ്ട്. കുറഞ്ഞ കാലംകൊണ്ട് തന്നെ കേരളത്തിലെ മത സ്ഥാപനങ്ങളുടെ ഭൂപടത്തിൽ സുപ്രധാനമായ ഇടം അടയാളപ്പെടുത്തിയ ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യയിൽ വെച്ച് സംഘടിപ്പിക്കപ്പെടുന്ന പരിപാടിയുടെ പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നത് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനാണ്. പരിപൂർണമായും ഈ പരിപാടി സൗദി എംബസിയുടെയും മതകാര്യ മന്ത്രാലയത്തിന്റെയും സഹകരണത്തോടെയാണ് നടക്കുന്നത് എന്നതാണ് പരിപാടിയുടെ പ്രധാന സവിശേഷത.

ലോഞ്ചിംഗ് പരിപാടിയിൽ കോളേജ് റെക്ടർ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ, അൽമഹാറ മുഖ്യ രക്ഷാധികാരി ശുറൈഹ് സലഫി, കുല്ലിയ്യതുശ്ശരീഅ പ്രിൻസിപ്പാൾ ഹംസ മദീനി, ജാമിഅ അൽഹിന്ദ് ലേഡീസ് ക്യാമ്പസ് പ്രിൻസിപ്പാൾ ശബീബ് സ്വലാഹി, സംഘാടക സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



മുജീബ് ഒട്ടുമ്മൽ
: 97444 31890

# വർഗീയ വിഷം ചീറ്റുന്ന കപട മതേതര മുഖങ്ങൾ

'മുസ്‌ലിം സമുദായം ജനസംഖ്യ വർധിപ്പിക്കുവാൻ തുടങ്ങി. നമ്മൾ ജനസംഖ്യ നിയന്ത്രിച്ചാൽ ഇല്ലാതാകും. വി.എസ് അച്യുതാനന്ദൻ നേരത്തെ പറഞ്ഞതുപോലെ കേരളം ഒരു മുസ്‌ലിം ഭൂരിപക്ഷ സമുദായമാക്കും. കേരളത്തിൽ മറ്റിടങ്ങളിൽ നിയമസഭാമണ്ഡലം കുറഞ്ഞപ്പോൾ മലപ്പുറത്തെ നാല് സീറ്റ് കൂടി. അടുത്ത തെരഞ്ഞെടുപ്പിൽ വീണ്ടും സീറ്റ് കൂടുതൽ ചോദിക്കും. മലബാറിന് പുറത്ത് തിരു കൊച്ചിയിലും അവർ സീറ്റ് ചോദിക്കും. എന്നിട്ട് അവർ ലക്ഷ്യമിടുന്നത് മുഖ്യമന്ത്രിസ്ഥാനമാണ്.'

കോട്ടയത്ത് നടന്ന എസ്എൻഡിപി നേതൃയോഗത്തിൽ വെള്ളാപ്പള്ളി നടേശൻ നടത്തിയ പ്രസംഗത്തിലെ വർഗീയ പരാമർശമാണ് മേലെ നാം വായിച്ചത്.

കേരളത്തിന്റെ പൊതുബോധം വലിയ പരീക്ഷണങ്ങളിലൂടെയാണ് കടന്നുപോകുന്നത്. മതനിരപേക്ഷതയുടെ അമ്പാസിഡർമാരായി സമൂഹത്തിൽ വിരാജിച്ചുകൊണ്ടിരിക്കുന്ന പലരുടെയും നാവുകളിൽ നിന്ന് നിർഗളിക്കുന്ന വാക്കുകൾ സമൂഹത്തിൽ വർഗീയതയുടെ ദുർഗന്ധം പരത്തിക്കൊണ്ടിരിക്കുന്നു.

**നാലു വോട്ടിന് വേണ്ടി, നാക്കിൽപിഴ പോലും നരകം തീർക്കാൻ ഉപയോഗപ്പെടുത്തുന്ന നേതാക്കളാണ് നാടിന്റെ ശാപം! ആൾപ്പൊക്കത്തിൽ മതില് തീർത്ത് അതിലൊരു സിംഹാസനവും പണിത് അധികാര ദണ്ഡിനെ അണച്ചു പുൽകുന്ന സമുദായക്കിഴവന്മാർ പാലിക്കുന്ന ധർമപരിപാലനത്തിന്റെ നിർവചനമെന്താണാവോ ?**

വെറുപ്പിന്റെ പ്രത്യയശാസ്ത്ര വക്താക്കൾ വിശ്രമത്തിലാണ്. ചാനൽ ചർച്ചകളിലും പൊതുവേദികളിലും മുസ്‌ലിം സമുദായത്തിനെതിരെ ഭീകരമായ ആരോപണങ്ങളും നുണപ്രചാരണങ്ങളുമായി അരങ്ങു തകർക്കുന്നവരെ വിശ്രമത്തിനവസരമേകി ചിലർ ഓരിയിടുകയാണ്.

വർഗീയതയുടെ തീനാളങ്ങൾ സമൂഹത്തിൽ ആളിപ്പടർന്ന് തകർന്നടിയാൻ മാത്രം മാരകശേഷിയുള്ള വാക്കുകളുരുവിട്ട അബ്കാരി നേതാവിനെ തൊടാൻ ധൈര്യമില്ലാത്തവിധം നിയമപാലനം ദുർബലമായിരിക്കുന്നുവോ? മുസ്‌ലിം സമുദായാംഗമല്ലാത്തതിനാൽ അദ്ദേഹത്തിന് അധികാരിവർഗം വല്ല പ്രിവിലേ ജും കനിഞ്ഞരുളിയോ?

കേരളത്തിലെ '153 എ' കേസുകളിലെ കുറ്റാരോപിതരുടെ വിവരം പുറത്ത് വിട്ടാൽ മലയാള ഭാഷയിലെ മൂർച്ചയില്ലാത്ത പദാവലികളെ തിട്ടപ്പെടുത്താനാകും. വെള്ളാപ്പള്ളിയുടെ നാവിൽനിന്ന് അടർന്ന് വീണ അക്ഷര ബോംബുകളുടെ തീവ്രശേഷിയിൽ ഒരംശം പോലും അതിലൊന്നും കാണാനാവില്ല. അബ്കാരി മുതലാളിമാരുടെ കയ്യിൽ അണിയിക്കാനുള്ള വിലങ്ങുകൾക്ക് വേണ്ടി ആഭ്യന്തരവകുപ്പിൽ പ്രതീക്ഷയർപ്പിക്കുന്നത് മലയാളികളുടെ വ്യാമോഹങ്ങളായി അവശേഷിക്കുന്നു. നിയമപാലനത്തിലെ 153 എ വകുപ്പ് മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് വേണ്ടി മാത്രം സംവരണം ചെയ്തതുപോലുണ്ട്.

വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വർത്തമാനങ്ങൾ ഇദ്ദേഹം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നത് മലയാളി പൊതുബോധത്തിൽ ആശ്ചര്യമല്ലാതായിരിക്കുന്നു. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണ സമയത്തും മലപ്പുറത്തെയും മുസ്‌ലിം സമുദായത്തെയും ഇദ്ദേഹം ആക്ഷേപിച്ചുകൊണ്ട് സംസാരിച്ചത് പൊതുമണ്ഡലത്തിൽനിന്ന് മാഞ്ഞുപോകുന്നതിന് മുമ്പാണ് ഇപ്പോഴും പരാമർശം നടത്തിയിരിക്കുന്നത്. സാമ്പത്തിക രംഗത്തും ഉദ്യോഗ പദവികളിലും മുസ്‌ലിം സമുദായത്തിന്റ പ്രാതിനിധ്യത്തെ പൊലിപ്പിച്ചു പറഞ്ഞ് ഇദ്ദേഹം ആശങ്കപ്പെടുന്നതും നാം കണ്ടു. വർഷങ്ങൾക്ക് മുമ്പ് കോഴിക്കോട് സിറ്റിയിലെ മനിനജലമൊഴുകുന്ന ഓടയിൽ നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ അപകടത്തിൽ പെട്ടുപോയ അന്യ സംസ്ഥാന തൊഴിലാളികളെ സാഹസികമായി രക്ഷപ്പെടുത്താൻ ജീവൻ ബലിനൽകിയ നൗഷാദ് എന്ന മുസ്‌ലിം യുവാവിനെ കുറിച്ചുള്ള ഇയാളുടെ പരാമർശങ്ങളും സാമൂഹിക മനസ്സിലുണ്ടാക്കിയ മുറിവ് ചില്ലറയല്ല. ഇങ്ങനെ വിഷലിപ്തമായ നാവുകൊണ്ട് സമുദായത്തെ നിരന്തരമായി ആക്രമിച്ചു കൊണ്ടിരിക്കുന്ന അബ്കാരി മുതലാളിയുടെ സമീപനത്തോട് സമരസപ്പെട്ട് പോകുംവിധം മലയാളി പൊതുബോധം മാറിക്കൊണ്ടിരിക്കുന്നുവെന്നതാണ് സാഹചര്യങ്ങൾ ബോധ്യപ്പെടുത്തുന്നത്.

### പ്രതികരണങ്ങളിലെ വർഗീയത

എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന്റ വിദ്വേഷ പ്രസംഗത്തോടുള്ള ചില പ്രതികരണങ്ങളിൽ നിഗൂഢമായ ചില ലക്ഷ്യങ്ങളുണ്ടെന്നത് വ്യക്തമാണ്. വർഗീയ ചേരിതിരിവിന് സാധ്യമാകുംവിധമുള്ള വിദ്വേഷ പ്രചാരകരെ നിലയ്ക്ക് നിറുത്തുവാനും നിയമ നടപടി സ്വീകരിക്കുവാനും ആഭ്യന്തവകുപ്പ് തയ്യാറാകുമെന്ന് പ്രതീക്ഷിച്ചവരെ നിരാശപ്പെടുത്തി, ഭരണകൂടം പിന്തുണ നൽകുന്ന സമീപനമാണ് സ്വീകരിച്ചത്.

'വിശ്രമജീവിതം നയിക്കേണ്ട കാലത്ത് ചരിത്രം സൃഷ്ടിക്കുന്നയാളാണ് വെള്ളാപ്പള്ളി. അഭിപ്രായങ്ങൾ നിർഭയമായി രേഖപ്പെടുത്തുന്ന നേതാവ്' തുടങ്ങിയ പ്രശംസാ വാക്കുകൾകൊണ്ട് വെള്ളാപ്പള്ളിയുടെ വർഗീയ പരാമർശത്തെ പിന്തുണച്ചുകൊണ്ട് രംഗത്ത് വന്നിരിക്കുന്നത് കേരള സഹകരണ-തുറമുഖ വകുപ്പ് മന്ത്രി വിഎൻ വാസവനാണ്.

'നമ്മുടെ സമൂഹത്തിൽ അപൂർവം ചിലർക്ക് മാത്രമെ ഇങ്ങനെ അവസരം ലഭിക്കുകയുള്ളു. സാക്ഷാൽ കുമാരനാശാൻ പോലും 16 വർഷം മാത്രമാണ് എസ്എൻഡിപി നേതൃത്തിലിരുന്നത്. എസ്എൻ ട്രസ്റ്റിന്റെയും അമരക്കാരനായും അദേഹം തുടരുകയാണ്. രണ്ട് സുപ്രധാന

മായ പദവികളിൽ ഒരേസമയം എത്തി നിൽക്കുകയാണ്. കൂടുതൽ വളർച്ചയിലേക്ക് സംഘടനയെ നയിക്കാൻ വെള്ളാപ്പള്ളിക്ക് കഴിഞ്ഞു. വെള്ളാപ്പള്ളി എല്ലാകാലത്തും മതനിരപേക്ഷ കാഴ്ചപ്പാട് ഉയർത്തിയ വ്യക്തി. വെള്ളാപ്പള്ളിയെ അറിയുന്ന ആളുകൾക്ക് അറിയാം, അദ്ദേഹം ഒരു മതത്തിനെതിരായി നിൽക്കുന്ന വ്യക്തിയല്ല. അനാവശ്യ വിവാദങ്ങൾ ഉണ്ടാകാതിരിക്കാൻ അവധാനത അദ്ദേഹം കാണിക്കണം.' നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിൽ മലപ്പുറം ജില്ലയെയും മുസ്‌ലിം സമുദായത്തെയും അധിക്ഷേപിച്ചു കൊണ്ട് സംസാരിച്ചതിന് ശേഷം നടന്ന ഒരു ചടങ്ങിൽ വെള്ളിപ്പള്ളിയെ പുകഴ്ത്തി കേരള മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രശംസാവാചകങ്ങളാണിത്.

ശക്തമായ പ്രതികരണവും പ്രതിഷേധവും മുഖ്യമന്ത്രിയിൽ നിന്ന് സമൂഹം പ്രതീക്ഷിച്ച സാഹചര്യത്തിലായിരുന്നു ഈ പ്രശംസയെന്നതിൽ ദുരൂഹതയുണ്ട്. ഇടതുഭരണപക്ഷത്തിലെ നേതാക്കളുടെയും സംഘടനകളുടെയും സമീപകാല പരാമർശങ്ങളും സമീപനങ്ങളും മുസ്‌ലിം ന്യൂനപക്ഷത്തിന് നിരാശയും വേദനയും സമ്മാനിച്ചുവെന്നതിൽ തർക്കമില്ല. വിദ്യാഭ്യാസ പരിഷ്കരണങ്ങളിലെ വീഴ്ചകളെയും സാംസ്കാരികാധിനിവേശത്തെയും ചൂണ്ടിക്കാണിച്ച മതസംഘടനാ നേതൃത്വത്തെ സർക്കാരും ഇടത് സൈബറിടങ്ങളും കൈകാര്യം ചെയ്ത രീതി നാം അനുഭവിച്ചറിഞ്ഞതാണ്. അന്വേഷണ പഠനങ്ങൾ മുന്നിൽ വെച്ച് വൈജ്ഞാനിക വിശദീകരണങ്ങളെ പ്രതീക്ഷിച്ചിരുന്ന

> കേരളത്തിലെ '153 എ' കേസുകളിലെ കുറ്റാരോപിതരുടെ വിവരം പുറത്ത് വിട്ടാൽ മലയാള ഭാഷയിലെ മൂർച്ചയില്ലാത്ത പദാവലികളെ തിട്ടപ്പെടുത്താനാകും. വെള്ളാപ്പള്ളിയുടെ നാവിൽനിന്ന് അടർന്ന് വീണ അക്ഷര ബോംബുകളുടെ തീവ്രശേഷിയിൽ ഒരംശം പോലും അതിലൊന്നും കാണാനാവില്ല. അബ്കാരി മുതലാളിമാരുടെ കയ്യിൽ അണിയിക്കാനുള്ള വിലങ്ങുകൾക്ക് വേണ്ടി ആഭ്യന്തരവകുപ്പിൽ പ്രതീക്ഷയർപ്പിക്കുന്നത് മലയാളികളുടെ വ്യാമോഹങ്ങളായി അവശേഷിക്കുന്നു. നിയമപാലനത്തിലെ '153 എ' വകുപ്പ് മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് വേണ്ടി മാത്രം സംവരണം ചെയ്തതുപോലുണ്ട്.

സമൂഹത്തിൽ വിമർശകരെ താലിബാനികളും തീവ്രവാദികളുമായി അവരോധിക്കാനാണ് ശ്രമിച്ചത്. അവകാശ പോരാട്ടത്തെയും വിമർശനങ്ങളെയും; ജമാഅത്തെ ഇസ്‌ലാമിയുടെ മതരാഷ്ട്രവാദത്തെ മുന്നിൽ നിറുത്തി മുസ്‌ലിം സമുദായത്തെ ഒന്നടങ്കം പ്രതിരോധിക്കാനാണ് ഭരണകൂടം ശ്രമിച്ചത്.

എക്സ് മുസ്‌ലിം, നാസ്തികർ സംഘപരിവാരബുദ്ധിജീവികൾ പോലുള്ളവർ മുസ്‌ലിം സമുദായത്തിനെതിരെ വെല്ലുവിളിച്ച് ഉരുവിടുന്ന പദങ്ങൾ എത്രമാത്രം അപകടകരമായതാണെന്ന് സ്വബോധമുള്ളവർക്ക് തിരിച്ചറിവ് നൽകുന്നുണ്ട്. ചാനലുകളും വാർത്താമാധ്യമങ്ങളും അന്തിച്ചർച്ചകളും മുസ്‌ലിം അപരവൽകരണത്തിന് ആക്കം കൂട്ടുന്നുവെന്നതിൽ സന്ദേഹമില്ല. ലോകസഭാ തെരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധി വയനാട്ടിൽനിന്ന് ജയിച്ചത് മുസ്‌ലിം വർഗീയ ചേരിയുടെ പിന്തുണയോടെയാണെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗമായ എ വിജയരാഘവന്റെ പ്രസ്താവനയും കപടമതേതരത്വത്തിന്റെ വികൃതമുഖത്തെ വെളിവാക്കുന്നതാണ്. മുസ്‌ലിം വർഗീയ ചേരിയുടെ പിന്തുണ ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഡൽഹിയിൽ എത്തുമായിരുന്നില്ലെന്നും അദ്ദേഹം ആവർത്തിച്ച് പറയുന്നു. മുസ്‌ലിം സമുദായത്തിനെതിരെ ഇത്തരം ആരോപണങ്ങളുന്നയിക്കാൻ യാതൊരു സങ്കോചവുമില്ലെന്ന സാഹചര്യം രൂപപ്പെട്ടിരിക്കുന്നു. ജമാഅത്തെ ഇസ്‌ലാമി, എസ്ഡിപിഐ പോലെയുള്ള സംഘടനകളെയാണ് ലക്ഷ്യമാക്കിയതെങ്കിൽ മണ്ഡലങ്ങളിലുള്ള ഇവരുടെ പ്രാതിനിധ്യമെത്രയാണെന്ന് പരിശോധിച്ചാൽ കാര്യം വ്യക്തമാകും.

ഇത്തരം പ്രചാരണങ്ങളിലൂടെ സംഘപരിവാരങ്ങളുടെ അജണ്ടകൾക്ക് പോഷണം നൽകുകയാണെന്ന് ഇവർക്ക് മനസ്സിലാകാഞ്ഞിട്ടല്ല. കേവലം ഇടതുപക്ഷ പ്രശംസകൾക്കുമപ്പുറം കോൺഗ്രസിലെ ചില നേതാക്കളുടെ മനവും വെള്ളാപ്പള്ളിക്ക് വേണ്ടി തുടിക്കുന്നുണ്ട്. വെള്ളാപ്പള്ളി വർഗിയവിഷം ചീറ്റിയ ഉടനെ പിന്തുണയുടെ ശബ്ദമുയർത്തിയ നേതാക്കളിൽ കോൺഗ്രസിൽനിന്നുള്ള ഹൈബി ഈഡനും കെ. ബാബു എംഎൽഎയും ഉണ്ടെന്നറിഞ്ഞതിലും അജണ്ടകൾ വിശാലമാണെന്ന് വ്യക്തമാണ്. ആർജവമുള്ള നേതാവാണന്നാണ് ഹൈബി പ്രതികരിച്ചത്. എസ്എൻഡിപിക്ക് നിലയും വിലയും ഉണ്ടാക്കി ക്കൊടുത്ത നേതാവാണെന്ന് വെള്ളാപ്പള്ളിയെ കെ.ബാബുവും വാഴ്ത്തി.

അതുകൊണ്ട് മുസ്‌ലിം നാമധാരിയല്ലാത്ത ഏതു നേതാവിനും മതസ്പർദയുണ്ടാക്കുകയെന്ന കൊടുംകുറ്റം വലിയ പാതകമല്ല. അതിന് പ്രത്യേകമായ അവകാശവും അധികാരവും മുസ്‌ലിമേതര നാവുകൾക്ക് മാത്രമാണ്. കോട്ടയത്തെ പൂഞ്ഞാറിൽനിന്നും അത്തരം മാലിന്യങ്ങൾ അനർഘം നിർഗളിച്ചു കൊണ്ടിരിക്കുന്നുമുണ്ട്.

**വർഗീയ പരാമർശങ്ങൾ ലക്ഷ്യമാക്കുന്നത്**

കേരളത്തിലെ ലോക്‌സഭാ തെരഞ്ഞെടുപ്പ് ഫലം ഇടതുപക്ഷത്തിന് ഏറ്റ തോൽവിയുടെ ആഘാതത്തിലാണ് ഇസ്‌ലാം വെറുപ്പിന്റെ വിഷലിപ്തമായ വാചകങ്ങൾക്ക് അരങ്ങുകളിൽനിന്നുള്ള ഒഴുക്കിന്റെ വേഗം കൂടിയത്. ബിജെപിയിലേക്കുള്ള വിവിധ വിഭാഗങ്ങളുടെ കുടിയേറ്റം സമൂഹത്തിൽ പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാം ഭീതിയുടെ പ്രചാരണങ്ങളുടെ കൂടി ഭാഗമാണ്. സിപിഎമ്മിന്റെ പ്രധാന ശക്തിയായ ഈഴവ വിഭാഗങ്ങൾ ബിജെപിയിലേക്ക് ഒഴുകുകയാണെന്നാണ് വിലയിരുത്തിയത്. അതിനായി കടുത്ത മുസ്‌ലിം വിരുദ്ധ പ്രചാരണമാണ് സംഘ്പരിവാരും എസ്എൻഡിപിയും ബിഡിജെ എസുമെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെ ഫലപ്രദമായി തടയാൻ ഇടതുപക്ഷത്തിനാകുന്നില്ലെന്ന് മാത്രമല്ല, അതിന് സഹായകമായ നിലപാടാണ് അവർ സ്വീകരിച്ചത്. വടകര ലോക്‌സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ അത് പ്രതിഫലിച്ചതാണ്. ക്രിസ്ത്യൻ വിഭാഗങ്ങളും ബിജെപിയിലേക്ക് ചേക്കേറുന്നതായി റിപ്പോർട്ടുകളുണ്ട്. അതിനെ പ്രതിരോധിക്കുന്നതിലും രാഷ്ട്രീയ പാർട്ടികൾ പരാചയപ്പെടുന്നുവെന്ന അഭിപ്രായവും പൊതുവായുണ്ട്. തികച്ചും അപകടകരമായ സാമൂഹിക സാഹചര്യം രൂപപ്പെട്ടു വരുന്നതായും വിലയിരുത്തപ്പെടുന്നുണ്ട്. മലപ്പുറം ജില്ലയിലെ ജനസംഖ്യ വർധിച്ച് വരുന്നതിനാൽ അവിടെ നിയമസഭാ മണ്ഡലങ്ങൾ വർധിക്കാനിടയുണ്ടെന്ന ആശങ്കയാണ് വെള്ളാപ്പള്ളിക്ക്. അങ്ങനെ മുഖ്യമന്ത്രിസ്ഥാനംവരെ മുസ്‌ലിം ലീഗ് കയ്യടക്കിവെക്കുമോ എന്ന ഭീതിയും അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. ലീഗ് കൂടുതൽ സീറ്റ് ചോദിക്കുമെന്ന് നിരീക്ഷിച്ച ചില കോൺഗ്രസ് ബുദ്ധികളാണ് വെള്ളാപ്പള്ളിയുടെ പരാമർശങ്ങൾക്ക് പിന്നിലെന്ന ന്യായവും നിരാകരിക്കാൻ നിർവാഹമില്ല.

കേരളത്തിന് ഒരു മുസ്‌ലിം മുഖ്യമന്ത്രിയെന്നത് സങ്കൽപിക്കാൻ പോലുമാകാത്തവിധം കേരളത്തിലെ പൊതുബോധത്തിൽ ഇസ്‌ലാംഭീതി പടർന്നു പിടിച്ചിരിക്കുന്നുവെന്ന് ചർച്ചകൾ വ്യക്തമാക്കുന്നുണ്ട്. മുസ്‌ലിംകൾ ഇന്ത്യയുടെ ശത്രുക്കളാണെന്ന ഭീതിയാണ് മുസ്‌ലിംകൾ അധികാരം കവരുന്നു എന്ന വ്യാജവാദത്തിന്റെ അടിസ്ഥാനം. ഇത് 'വിചാരധാര'യിലൂടെ മാത്രം അവതരിപ്പിക്കപ്പെട്ടതുമല്ല. സംസ്‌കൃതത്തിലും മറ്റു ചില ഭാഷകളിലും രചിക്കപ്പെട്ട പല രചനകളിലും മുസ്‌ലിം ഭരണാധികാരികളെ ശത്രുക്കളായാണ് അവതരിപ്പിക്കുന്നത്. മുസ്‌ലിംകളും ടിപ്പു സുൽത്താനും പ്രവേശിച്ചതോടെ കേരള ഭൂമി അശുദ്ധമായതായി ചിത്രീകരിക്കുന്ന രചനകളുമുണ്ട്. മുസ്‌ലിം ഭരണാധികാരികളെയും ജനവിഭാഗത്തെയും രാവണനായും രാക്ഷസൻമാരായും അവതരിപ്പിക്കുന്ന സാഹിത്യങ്ങളുമുണ്ട്. ഇങ്ങനെ ഇസ്‌ലാം വെറുപ്പുകൊണ്ട് വികൃതമാക്കപ്പെട്ട മാനസികനിലയിൽ നിന്നാണ് മുസ്‌ലിംകൾ അധികാരം അനധികൃതമായി കൈക്കലാക്കുന്നുമെന്ന് വസ്തുതാ വിരുദ്ധമായ പ്രചാരണം ഉടലെടുക്കുന്നത്. അത്തരം വ്യാജ പ്രചാരണങ്ങൾക്ക് മതേതര സമൂഹത്തിലെ മാതൃകാ പ്രതീകങ്ങൾകൂടി പോഷണം നൽകുന്നുവെന്നതാണ് മലയാളി സമൂഹത്തിലെ വലിയ ദുരന്തം.

**സാമുദായിക പ്രാതിനിധ്യം ചില സത്യങ്ങൾ**

2024 ജൂൺ 13ന് കേരള കൗമുദിയിൽ 'നമ്മൾ വേലികെട്ടാൻ മാത്രം വിധിക്കപ്പെട്ടവർ' എന്ന ശീർഷകത്തിൽ വെള്ളാപ്പള്ളി നടേശന്റെതായ ഒരു ലേഖനം വന്നു. ലോക്‌സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനു പിന്നാലെ രാജ്യസഭാ സീറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തുവന്ന സമയമായിരുന്നു അത്. കേരളത്തിൽനിന്നുള്ള മുസ്‌ലിം സമുദായക്കാരായ രാജ്യസഭാ അംഗങ്ങളുടെ എണ്ണം എടുത്തു പറഞ്ഞുകൊണ്ടായിരുന്നു ആ ലേഖനം എഴുതിയത്. സർക്കാർ സർവീസിലെ മുസ്‌ലിം പ്രാതിനിധ്യത്തിന്റെ എണ്ണം പെരുപ്പിച്ച് പറഞ്ഞുകൊണ്ടുള്ള ആരോപണങ്ങളും പല അവസരങ്ങളിലായി അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. അതിന്റെ വസ്തുതയെ കുറിച്ച് കൃത്യമായ ഒരവബോധം ഉണ്ടാവണം. ഇത്തരം ആരോപണങ്ങൾക്ക് സർക്കാറാണ് മറുപടി പറയേണ്ടിയിരുന്നത്. നിർഭാഗ്യവശാൽ തങ്ങൾ നിരാലംബരും ദുർബലരുമാണെന്ന് തെളിയിക്കാനുള്ള ബാധ്യതകൂടി സമുദായത്തിനു മേൽ അടിച്ചേൽപിച്ചിരിക്കുകയാണ്. യഥാർഥത്തിൽ സംവരണമുണ്ടായിട്ടും മുസ്‌ലിംകൾക്ക് ജനസംഖ്യാനുപാതി

കമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ബേക്ക്‌വേർഡ് ക്ലാസസ് (കെ.എസ്.സി.ബി.സി) പുറത്ത് വിട്ട റിപ്പോർട്ട് സൂചിപ്പിക്കുന്നുണ്ട്. മുസ്‌ലിംകൾക്ക് പുറമെ ലത്തീൻ ക്രിസ്ത്യൻ, പട്ടികജാതി, പട്ടികവർഗം അടക്കമുള്ളവരുടെ പിന്നാക്കാവസ്ഥയും കണക്കുകളിൽ വ്യക്തമാക്കുന്നുണ്ട്.

2024 ജൂൺ 19 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് 545423 സ്ഥിരം സർക്കാർ ജീവനക്കാരാണുള്ളത്. മുന്നാക്ക ഹിന്ദു, മുന്നാക്ക ക്രിസ്ത്യൻ വിഭാഗങ്ങളെ ഒരുമിച്ച് പരിഗണിച്ചാൽ അത് സർക്കാർ ജീവനക്കാരുടെ ആകെ എണ്ണത്തിന്റ 34.52 ശതമാനം വരും. നാടാർ, പിന്നാക്ക ലത്തീൻ അടക്കമുള്ള വിവിധ ക്രിസ്ത്യൻ ജീവനക്കാരുടെ എണ്ണം 18.25 ശതമാനമാണ്. 2011ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ ക്രിസ്തുമത വിശ്വാസികൾ 18.38 ശതമാനമാണ്. പിന്നാക്കരിൽനിന്ന് ഏറെക്കുറെ ജനസംഖ്യക്ക് അനുസൃതമായി സർക്കാർ സർവീസിൽ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള ഏക വിഭാഗം ഈഴവരാണ്. 21.09 ശതമാനമാണ് അവരുടെ പ്രാതിനിധ്യം. പരിഷത്ത് കണക്കുകൾ പ്രകാരം 22.2 ശതമാനമാണ് ഈഴവരുടെ ജനസംഖ്യ. പട്ടികജാതി വിഭാഗത്തിൽ 9.49 ശതമാനമാണ് സർവീസിലെ പ്രാതിനിധ്യം. ജനസംഖ്യ 9.10 ശതമാനവുമാണ്. പട്ടികവർഗത്തിന്റെ സർവീസ് പ്രാതിനിധ്യം 1.92 ശതമാനമാണ്. അവരുടെ ജനസംഖ്യയാകട്ടെ 1.45 ശതമാനവുമാണ്. എന്നാൽ സർക്കാർ ജോലിയിൽ ഏറ്റവും കുറഞ്ഞ പ്രാതിനിധ്യം മുസ്‌ലിം സമുദായത്തിനാണ്.

> രാജ്യത്തെ സംഘപരിവാര രാഷ്ട്രീയത്തിന്റെ കളിപ്പാട്ടമായി അദ്ദേഹം മാറുന്നതിനോട് പരിതപിക്കുന്നവരും സമുദായത്തിലുണ്ട്. വെള്ളാപ്പള്ളിയുടെ വ്യക്തിപരമായ നേട്ടത്തിനും ബിസിനസിന്റെ വിജയത്തിനുമായി അദ്ദേഹം അടവ് നയം പയറ്റുകയാണ് എന്ന് വിലയിരുത്തുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. പ്രത്യേകിച്ച് വിമർശകരെയും വിയോജിക്കുന്നവരെയും നിലം പരിശാക്കാൻ ബിജെപി സർക്കാർ ഉപയോഗിക്കുന്ന ആയുധങ്ങളാണ് ഇ.ഡി, സിബിഐ, ഐ.ടി എന്നിവ. ബിസിനസ് സാമ്രാട്ടുകൾ ഈ സംവിധാനങ്ങളെ ഭയപ്പെടാൻ തുടങ്ങിയത് ബിജെപി അധികാരത്തിൽ വന്നത് മുതലാണ്. അതിനാൽ അവരെ പ്രീണിപ്പിക്കാനാണ് വെള്ളാപ്പള്ളിയുടെ വാചകക്കസർത്തുകളെന്ന് വിലിയിരുത്തുന്നവരും അവരുടെ കൂട്ടത്തിലുണ്ട്.

ആകെ 73774 പേർ മാത്രം. അഥവാ ആകെ ജീവനക്കാരുടെ 13.52 ശതമാനം മാത്രം. മുസ്‌ലിം ജനസംഖ്യയാകട്ടെ 26.9 മുതൽ 28.15 ശതമാനം വരെയാണെന്നാണ് കണക്ക്. ജനസംഖ്യാനുപാതികമായി നോക്കിയാൽ മുസ്‌ലിം സമുദായത്തിന് ലഭിക്കേണ്ട തസ്തികകളിൽ ശരാശരി 102 ശതമാനത്തിന്റ കുറവുണ്ടെന്നും കണക്കുകൾ ബോധ്യപ്പെടുത്തുന്നു. അഥവാ ജനസംഖ്യാനുപാതികമായി സർക്കാർ സർവീസിൽ പ്രാതിനിധ്യം ലഭിക്കാത്ത ഒരേയൊരു വിഭാഗം മുസ്‌ലിംകളാണെന്നർഥം.

അധികാരത്തിലെ പ്രാതിനിധ്യവും വസ്തുതയും വിലയിരുത്തുന്നത് നന്നാകും. കേരള മുഖ്യമന്ത്രിമാരിൽ ബ്രാഹ്മണ-നായർ വിഭാഗം 35 വർഷവും 5 മാസവും ഭരിച്ചിട്ടുണ്ട്. ഈഴവരാകട്ടെ 15 വർഷവും ക്രിസ്ത്യൻ വിഭാഗം 12 വർഷവും 6 മാസവുമാണ്. പട്ടികജാതി-പട്ടികവർഗത്തിൽനിന്ന് ആരും ഉണ്ടായിരുന്നില്ല. എന്നാൽ ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്‌ലിം സമുദായത്തിൽ നിന്ന് കേവലം 53 ദിവസം മാത്രമാണ് മുഖ്യമന്ത്രി ഉണ്ടായിരുന്നത്.

കേരള രൂപീകരണം മുതൽ 2021 വരെയുള്ള കണക്കുപ്രകാരം മന്ത്രിമാരുടെ എണ്ണവും പരിശോധിക്കാം. ബ്രാഹ്മണ/നായർ വിഭാഗത്തിൽനിന്ന് 123 പേർ, ഈഴവരിൽനിന്ന് 64 പേർ, ക്രൈസ്തവരിൽ നിന്ന് 87 പേർ, മുസ്‌ലിംകളിൽനിന്ന് കേവലം 65 പേരും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണമാണ് വെള്ളാപ്പള്ളി എടുത്തുപറയുന്ന മറ്റൊരു കാര്യം. എയ്ഡഡ് കോളേജുകൾ ഹിന്ദു വിഭാഗത്തിൽ 95ഉം ക്രിസ്ത്യൻ വിഭാഗത്തിൽ 63മാണ് ഉള്ളത്. എന്നാൽ മുസ്‌ലിം സമുദായത്തിന് കേവലം 38 കോളേജുകളാണുള്ളത്. എയ്ഡഡ് സ്കൂളുകളുടെ കാര്യവും ഇതുപോലെ തന്നെയാണ്. ഹൈന്ദവ വിഭാഗത്തിന്റേതായി 2957 സ്കൂളുകളുണ്ട്. ക്രിസ്ത്യൻ വിഭാഗത്തിന് 2956 സ്കൂളുകളുണ്ട്. എന്നാൽ മുസ്‌ലിം സമുദായത്തിന് 1384 സ്കൂളുൾ മാത്രമാണുള്ളത്.

ഇനി അധ്യാപക-അനധ്യാപക ജീവനക്കാരുടെ കണക്കുകൾ പുറത്ത് വിടണം. അപ്പോൾ അറിയാം അവിടങ്ങളിലുള്ള സാമുദാ

യിക പ്രാതിനിധ്യത്തിന്റെ ഏറ്റക്കുറച്ചിൽ. മുസ്‌ലിം ഉടമസ്ഥതയിലുള്ള മിക്ക സ്ഥാപനങ്ങളും സെക്യുലറാകാനാണ് ശ്രമിക്കാറുള്ളത്. ഇതര സ്ഥാപനങ്ങളിലെ നിയമനങ്ങൾ മുതൽ എല്ലാ വിവരങ്ങളും സത്യസന്ധമായി പുറത്തുവിടാൻ ധൈര്യം കാണിച്ചാൽ ആരോപണങ്ങളുടെ ചീട്ടുകൊട്ടാരങ്ങൾ തകർന്നടിയുന്നത് കാണാനാകും.

**ഈഴവ-മുസ്‌ലിം ബന്ധം, ചില ഓർമകൾ**

ഈഴവ സമുദായത്തിന്റെ അട്ടിപ്പേറവകാശം വെള്ളാപ്പള്ളിയിൽ ചാർത്താനാണ് ഇടതു വലതു നേതാക്കളുടെ ശ്രമം. വെള്ളാപ്പള്ളിയുടെ വർഗീയ വിദ്വേഷസമീപനങ്ങളോട് ശക്തമായ വിയോജിപ്പുള്ളവരും ആശയപരമായി പ്രതിരോധിക്കുന്നവരുമാണ് ഈഴവ സമുദായത്തിലെ ഭൂരിപക്ഷവും എന്നത് പലരും വിസ്മരിക്കുന്നുണ്ട്. രാജ്യത്തെ സംഘപരിവാര രാഷ്ട്രീയത്തിന്‍റെ കളിപ്പാട്ടമായി അദ്ദേഹം മാറുന്നതിനോട് പരിതപിക്കുന്നവരും സമുദായത്തിലുണ്ട്. വെള്ളാപ്പള്ളിയുടെ വ്യക്തിപരമായ നേട്ടത്തിനും ബിസിനസിന്റെ വിജയത്തിനുമായി അദ്ദേഹം അടവ് നയം പയറ്റുകയാണ് എന്ന് വിലയിരുത്തുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. പ്രത്യേകിച്ച് വിമർശകരെയും വിയോജിക്കുന്നവരെയും നിലംപരിശാക്കാൻ ബിജെപി സർക്കാർ ഉപയോഗിക്കുന്ന ആയുധങ്ങളാണ് ഇ.ഡി, സിബിഐ, ഐ.ടി എന്നിവ. ബിസിനസ് സാമ്രാട്ടുകൾ ഈ സംവിധാനങ്ങളെ ഭയപ്പെടാൻ തുടങ്ങിയത് ബിജെപി അധികാരത്തിൽ വന്നത് മുതലാണ്. അതിനാൽ അവരെ പ്രീണിപ്പിക്കാനാണ് വെള്ളാപ്പള്ളിയുടെ വാചകക്കസർത്തുകളെന്ന് വിലിയിരുത്തുന്നവരും അവരുടെ കൂട്ടത്തിലുണ്ട്.

ശ്രീനാരായണ ഗുരുവിന്റെ പേരിൽ മതവിദ്വേഷം പറയുന്നവരെ വെച്ച് പൊറുപ്പിക്കാനാവില്ലെന്ന് ആണയിടുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. മുസ്‌ലിം സമുദായത്തെ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റ ആവശ്യമെന്നും അവർ ഞങ്ങളുടെ സഹോദരങ്ങളാണെന്നും ആർജവത്തോടെ വിളിച്ച് പറയുന്നവരും അവരുടെ കൂട്ടത്തിലുണ്ട്. ഡോ. മോഹൻ ഗോപാലിനെ പോലെയുള്ളവരുടെ രചനകളും ശബ്ദങ്ങളും ഒന്ന് ശ്രദ്ധിച്ചാൽ കുറച്ച് കൂടി കാര്യം വ്യക്തമാകും. ഈഴവരുടെയും മുസ്‌ലിംകളുടെയുടെ സൗഹൃദത്തിന് ചരിത്രത്തിന്റെ പശ്ചാത്തലമുണ്ട്.

സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങൾക്ക് സംഘടിത രൂപം കേരളത്തിലാദ്യമായി നൽകിയ മഹൽവ്യക്തിയാണ് ശ്രീനാരായണ ഗുരു. വക്കം മൗലവിയെ പോലുള്ള മുസ്‌ലിം നവോത്ഥാന നായകരുടെ പ്രവർത്തന മണ്ഡലങ്ങളിൽ ഗുരുവിന്റെ സൗഹൃദത്തിന് വലിയ മാനങ്ങളുണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് ഇന്ത്യയിലെ സർക്കാർ സർവീസിൽ പിന്നാക്കക്കാരുടെ പ്രാതിനിധ്യം ഉണ്ടാവണമെന്ന് അവകാശപ്പെട്ടുകൊണ്ട് നടത്തിയ സമര പോരാട്ടമാണ് നിവർത്തന പ്രക്ഷോഭം. അതിൽ മുസ്‌ലിം -ഈഴവ-ക്രൈസ്തവ കൂട്ടുകെട്ടായിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്.

കേരള മുസ്‌ലിം നവോത്ഥാന രംഗത്ത് സംഘടിതമായി മുന്നേറ്റം നടത്തിയ ഐക്യസംഘത്തിന്റെ പ്രഥമ സെക്രട്ടറിയായിരുന്ന മണപ്പാട്ട് കുഞ്ഞഹമ്മദ് ഹാജി കൊടുങ്ങല്ലൂരിലെ ഏറിയാട് വില്ലേജിൽ സ്ഥാപിച്ച കേരളവർമ ഹയർ സെക്കണ്ടറി സ്കൂളിലെ അന്നത്തെ പഠിതാക്കളിൽ ഏറെയും ഈഴവ വിഭാഗത്തിൽ നിന്നുള്ളവരായിരുന്നു. 1925ൽ സ്വന്തം മാനേജ്മെന്റിന് കീഴിൽ സ്ഥാപിച്ചതായിരുന്നു ഈ വിദ്യാലയം. ആ കാലത്ത് മൂന്ന് വിഭാഗം ജനങ്ങളെയാണ് അദ്ദേഹം ലക്ഷ്യമാക്കിയത്. സ്കൂൾ വിദ്യാഭ്യാസത്തിനെതിരെ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ച കുട്ടികളെ തടഞ്ഞുവെച്ച അന്നത്തെ യാഥാസ്ഥിതിക മുസ്‌ലിം സമൂഹമായിരുന്നു അതിലൊന്ന്. ജാതീയമായ ഉച്ചനീചത്വങ്ങളിൽ തളച്ചിട്ട് വിദ്യാലയങ്ങളിൽനിന്ന് ഭ്രഷ്ട് കൽപിക്കപ്പെട്ട ഈഴവരായിരുന്നു രണ്ടാമത്തെ വിഭാഗം. ജാതീയതയിൽ വെറിപൂണ്ടവർ അകറ്റി നിറുത്തിയ ഹരിജൻ വിഭാഗമായിരുന്നു മൂന്നാമത്തെ വിഭാഗം. മുസ്‌ലിം സമുദായത്തോടൊപ്പം ഈഴവരെയും കൈപിടിച്ച് അദ്ദേഹം തന്റെ വിദ്യാലയയത്തിലേക്കാനയിച്ചു.

മണപ്പാടന്റെ സ്കൂളിൽനിന്ന് ഒരാളെയും തടയാൻ അന്ന് ആരും ധൈര്യപ്പെട്ടിരുന്നില്ല. വിദ്യാലയത്തിലെ എല്ലാവർക്കും ഉച്ചഭക്ഷണവും പാഠപുസ്തകങ്ങളും വസ്ത്രങ്ങളും സൗജന്യമായി അദ്ദേഹം നൽകി. ഇങ്ങനെ സമൂഹത്തിന്റെ സർവ മേഖലകളിലും തോളുരുമ്മി സൗഹൃദത്തിന്റെ പറുദീസയിൽ വിഹരിച്ചവർ ചില അബ്കാരി മുതലാളിമാരുടെ വിഷവിസർജനത്തിൽ അലിഞ്ഞില്ലാതാകുമെന്നത് കേവലം മനഃപായസമാണ്.

ഈഴവരെയും മുസ്‌ലിംകളെയും ഭിന്നിപ്പിച്ച് മുതലെടുക്കാൻ വിഷജീവികൾക്ക് അവസരമില്ലെന്ന് മലയാളികൾ ഉറക്കെ പറഞ്ഞുകൊണ്ടിരിക്കണം. ■

അബ്ദുൽ ജബ്ബാർ മദീനി

മഹ്ർ വഞ്ചനയിൽനിന്ന് സുരക്ഷിതമായിരിക്കണം. അതിനാൽ അത് അറിയപ്പെടുകയും നിർണയിക്കപ്പെടുകയും വേണം. നിർണിതമല്ലാത്ത വീട്, നിരുപാധികമായ വാഹനം, നിരുപാധികം വൃക്ഷം വിളയിക്കുന്ന ഫലം, ഈ വർഷത്തെ ഫലം തുടങ്ങി അജ്ഞമായത് മഹ്റായി സാധുവാകുകയില്ല. അറിയപ്പെട്ട ഒരു വസ്തു, കടം, പ്രയോജനം തുടങ്ങിയുള്ള കൂലിയാകുവാനും വിലയാകുവാനും പറ്റുന്ന എല്ലാം മഹ്റായി സാധുവാകുന്നതാണ്.



# എന്താണ് മഹ്ർ?

**5. നികാഹിൽ മഹ്ർ പറയൽ**

വിവാഹ ഉടമ്പടിയിൽ മഹ്ർ നിർണയിക്കലും പറയലും സുന്നത്താകുന്നു. കാരണം തിരുനബി(സ്വ) ഒരു നികാഹും മഹർ പറയാതെ ഒഴിവാക്കിയിട്ടില്ല. മാത്രവുമല്ല ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങളുടെയും പ്രശ്നങ്ങളുടെയും കവാടം കൊട്ടിയടക്കലുമാണ് മഹ്ർ പറയുന്നതിലുള്ളത്.

**6. മഹ്റിന്റെ നിബന്ധനകകൾ**

ഉടമപ്പെടുത്തലും വ്യാപരിക്കലും ഉപകാരമെടുക്കലും അനുവദനീയമായ മൂല്യമുള്ളതും അനുവദനീയവുമായ സ്വത്തായിരിക്കണം മഹ്ർ. അതിനാൽതന്നെ മദ്യം, പന്നി, അറിഞ്ഞുകൊണ്ടുള്ള കൊള്ളസ്വത്ത് എന്നിവ മഹ്റായി അനുവദനീയമല്ല. മഹ്ർ വഞ്ചനയിൽനിന്ന് സുരക്ഷിതമായിരിക്കണം. അതിനാൽ അത് അറിയപ്പെടുകയും നിർണയിക്കപ്പെടുകയും വേണം. നിർണിതമല്ലാത്ത വീട്, നിരുപാധികമായ വാഹനം, നിരുപാധികം വൃക്ഷം വിളയിക്കുന്ന ഫലം, ഈ വർഷത്തെ ഫലം തുടങ്ങി അജ്ഞമായത് മഹ്റായി സാധുവാകുകയില്ല. അറിയപ്പെട്ട ഒരു വസ്തു, കടം, പ്രയോജനം തുടങ്ങിയുള്ള കൂലിയാകുവാനും വിലയാകുവാനും പറ്റുന്ന എല്ലാം മഹ്റായി സാധുവാകുന്നതാണ്.

**7. മഹ്ർ റൊക്കമാക്കലും അവധിവെക്കലും**

നാട്ടുപതിവും സമ്പ്രദായങ്ങളുമനുസരിച്ച് മഹ്ർ മുഴുവനായോ അല്ലെങ്കിൽ ഭാഗികമായോ വേഗത്തിൽ നൽകലും അവധിവെച്ചു നൽകലും അനുവദനീയമാണ്. അവധി മോശമാംവിധം അജ്ഞമാകുകയും കാല

പരിധി അതിവിദൂരമാവുകയുമരുത് എന്ന നിബന്ധനയുള്ളതോടൊപ്പമാണിത്. കാരണം വിദൂരമായ കാലപരിധി മഹ്ർ നഷ്ടപ്പെടാൻ അവസരം സൃഷ്ടിക്കലാണ്.

**മഹ്ർ അമിതമാക്കുന്നതിന്റെ വിധി**

താഴെ വരുന്ന തെളിവുകളുടെ വെളിച്ചത്തിൽ മഹ്ർ അമിതമാക്കാതിരിക്കൽ പ്രതിഫലാർഹമാകുന്നു:

1. ആഇശ(റ)യിൽനിന്നു നിവേദനം, തിരുനബി(സ്വ) പറഞ്ഞു: "ഒരു സ്ത്രീയുമായുള്ള വിവാഹം എളുപ്പമാകുക എന്നതും മഹ്ർ കുറയുക എന്നതും അവളുടെ ബറകത്താണ്."

2. ഉമർ(റ) പറഞ്ഞതായി നിവേദനം: "സ്ത്രീകളുടെ മഹ്റിൽ നിങ്ങൾ അമിതമാക്കരുത്. കാരണം മഹ്ർ അമിതമാക്കൽ ദുൻയാവിൽ ആദരണീയവും അല്ലാഹുവിങ്കൽ തക്വയുമായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ തിരുദൂതനായിരുന്നു അമിതമായ മഹ്റിന് യോഗ്യൻ. പന്ത്രണ്ട് ഊകിയയെക്കാൾ തന്റെ പെൺമക്കളിൽ ഒരാൾക്കും മഹ്ർ നൽകപ്പെടുകയോ തിരുദൂതർ(സ്വ) തന്റെ ഭാര്യമാരിൽ ഒരാൾക്കും മഹ്ർ നൽകുകയോ ചെയ്തിട്ടില്ല. ഒരാൾ തന്റെ ഭാര്യയുടെ മഹ്ർ അമിതമാക്കുകയും അയാളുടെ മനസ്സിൽ അവൾക്കുനേരെ ശത്രുത ഉടലെടുക്കുകയും അയാൾ പറയുകയും ചെയ്യും: തോൽസഞ്ചി കെട്ടുന്ന കയറുവരെ നിനക്കുവേണ്ടി ഞാൻ ചെലവഴിച്ചുപോയി."

3. അബൂസലമ(റ)യിൽനിന്ന് നിവേദനം: "അല്ലാഹുവിന്റെ തിരുദൂതർ(സ്വ) പത്നിമാർക്ക് നൽകിയിരുന്ന മഹ്റിനെ കുറിച്ച് ഞാൻ ആഇശ(റ)യോടു ചോദിച്ചു. അവർ പറഞ്ഞു: 'പന്ത്രണ്ട് ഊകിയയും ഒരു നശ്ശുമായിരുന്നു.' അവർ ചോദിച്ചു: 'നശ്ശ് എന്നാൽ എന്താണെന്നറിയുമോ?' ഞാൻ പറഞ്ഞു: 'ഇല്ല.' അവർ പറഞ്ഞു: 'അര ഊകിയയാണ്."

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*



## കീം; കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കരുത്: വിസ്ഡം സ്റ്റുഡന്റ്സ്

മലപ്പുറം: കീം അലോട്മെന്റിൽ വിദ്യാർഥികളുടെ ഭാവി വെച്ച് അമ്മാനമാടരുതെന്ന് മലപ്പുറം പാണക്കാട് വെച്ച് നടന്ന വിസ്ഡം സ്റ്റുഡന്റ്സ് ത്രിദിന സംസ്ഥാന പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. വർഷങ്ങൾ നീണ്ട പഠനകാലയളവിലുടനീളവും ഒടുവിൽ ഫലം വന്നപ്പോഴും വിട്ടൊഴിയാത്ത, വിദ്യാർഥികളുടെ മാനസിക സമ്മർദം സർക്കാർ മുഖവിലക്കെടുക്കണം. വിദഗ്ധസമിതിയുടെ റിപ്പോർട്ടിനെ അട്ടിമറിച്ച തീരുമാനങ്ങളെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണങ്ങളുണ്ടാവണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

വിവിധ ജില്ലകളിൽനിന്നുള്ള വിദ്യാർഥി പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിവിധ സെഷനുകളിലായി പി.എൻ അബ്ദുലത്വീഫ് മദനി, ടി.കെ അഷ്റഫ്, അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനി, ഫൈസൽ മൗലവി, താജുദ്ദീൻ സ്വലാഹി, ടി.കെ നിഷാദ് സലഫി, അർഷദ് അൽഹികമി, ടി.മുഹമ്മദ് ശമീൽ, ശബീബ് മഞ്ചേരി, സഫ്‌വാൻ ബറാമി, അസ്ഹർ ചാലിശ്ശേരി, ഡോ. സി.പി അബ്ദുല്ല ബാസിൽ, അബ്ദുൽ മാജിദ് ചുങ്കത്തറ, നിയാസ് കൂരിയാടൻ, റൈഹാൻ ഷഹീദ്, സുഹൈൽ കല്ലായി, ഖാലിദ് വെള്ളില, ഫാഹിം കോട്ടക്കൽ തുടങ്ങിയവർ സംസാരിച്ചു.



ഉമ്മു മിസ്‌യാൽ
മൊറയൂർ

# ഇസ്‌ലാമിലെ സ്ത്രീ അടിച്ചമർത്തപ്പെട്ടവളോ?

മതനിരാസവും ദൈവനിഷേധവും തോളിലേറ്റി നടക്കുന്ന ലിബറൽ ചിന്താഗതിക്കാരും ഫെമിനിസ്റ്റുകളും കാലങ്ങളായി പുലമ്പിക്കൊണ്ടിരിക്കുന്നതാണ് 'മുസ്‌ലിം സ്ത്രീ അടിച്ചമർത്തപ്പെടുന്നു, അവർക്ക് വ്യക്തിസ്വാതന്ത്രം തിരസ്കരിക്കപ്പെടുന്നു' എന്നത്. സ്വാതന്ത്ര്യം എന്നത് മാറും മേനിയും പുറത്തു കാണിച്ച്, തന്റെ സൗന്ദര്യം കഴുകക്കണ്ണുകൾക്ക് കൊത്തിവലിക്കാൻ ഇട്ടുകൊടുത്ത് അക്രമങ്ങൾക്ക് ഇരയാവുന്നതാണ് എന്നാണോ ഇവർ ധരിച്ചിരിക്കുന്നത്? അവരെ പറഞ്ഞിട്ട് കാര്യമില്ല; യുക്തിവാദികൾ, നാസ്തികർ എന്നൊക്കെ അവകാശപ്പെടുന്നവർക്ക് അവരുടെതായ വിശ്വാസ സംഹിതകളോ ആചാര നിബന്ധനകളോ ഇല്ലല്ലോ! ഇസ്‌ലാമിന്റെ നിയമനിർദേശങ്ങളും ഇസ്‌ലാമിക വസ്ത്രധാരണ രീതിയും സദാചാരവും ധാർമികതയുമൊക്കെ; സകലവിധ വിലക്കുകളുടെയും അതിരുകളുടെയും മതിലുകൾ തച്ചുടക്കുന്നവർക്ക് അടിച്ചമർത്തലായി തോന്നുക സ്വാഭാവികം!

ഇസ്‌ലാം അനുശാസിക്കുന്ന, സ്ത്രീകളുടെ വസ്ത്രധാരണരീതി ചിലർ വിചാരിക്കുന്നത് പോലെ യാഥാർഥ്യബോധമില്ലാത്ത

**സ്വാതന്ത്ര്യം എന്നത് മാറും മേനിയും പുറത്തു കാണിച്ച്, തന്റെ സൗന്ദര്യം കഴുകക്കണ്ണുകൾക്ക് കൊത്തിവലിക്കാൻ ഇട്ടുകൊടുത്ത് അക്രമങ്ങൾക്ക് ഇരയാവുന്നതാണ് എന്നാണോ ഇവർ ധരിച്ചിരിക്കുന്നത്? അവരെ പറഞ്ഞിട്ട് കാര്യമില്ല; യുക്തിവാദികൾ, നാസ്തികർ എന്നൊക്കെ അവകാശപ്പെടുന്നവർക്ക് അവരുടെതായ വിശ്വാസ സംഹിതകളോ ആചാര നിബന്ധനകളോ ഇല്ലല്ലോ! ഇസ്‌ലാമിന്റെ നിയമനിർദേശങ്ങളും ഇസ്‌ലാമിക വസ്ത്രധാരണ രീതിയും സദാചാരവും ധാർമികതയുമൊക്കെ; സകലവിധ വിലക്കുകളുടെയും അതിരുകളുടെയും മതിലുകൾ തച്ചുടക്കുന്നവർക്ക് അടിച്ചമർത്തലായി തോന്നുക സ്വാഭാവികം!**

തും അവരുടെ സ്വാതന്ത്ര്യത്തിന് വിലങ്ങ് തീർക്കുന്നതുമല്ല. വൃത്തികേടുകളും ആഭാസങ്ങളും ഇല്ലായ്മ ചെയ്ത് സമൂഹാന്തരീക്ഷത്തിൽ പരിശുദ്ധിയും സദാചാരനിഷ്ഠയും വളർത്തുകയാണ് അതിന്റെ ലക്ഷ്യം. സ്രഷ്ടാവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുന്ന ഒരു മുസ്‌ലിം വസ്ത്രത്തിന്റെ വിഷയത്തിൽ മാത്രമല്ല, ജീവിതത്തിന്റെ നിഖിലമേഖലകളിലും കൃത്യമായ ദൈവിക നിയമങ്ങളനുസരിച്ച് മാത്രമെ മുന്നോട്ട് പോവുകയുള്ളൂ. വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു: “നബിയേ, നിന്റെ ഭാര്യമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു” (അഹ്സാബ്: 59).

വിശ്വാസിനികളുടെ പരിശുദ്ധിയും മാന്യതയും കാത്തുരക്ഷിക്കുന്നതിനാവശ്യമായ ചില നിയമ നിർദേശങ്ങളാണ് ഈ വചനത്തിൽ അല്ലാഹു വ്യക്തമാക്കുന്നത്. അമുസ്‌ലിം സ്ത്രീകളുടെയും ചാരിത്രശുദ്ധിയിൽ താൽപര്യമില്ലാത്ത സ്ത്രീകളുടെയും വേഷവിധാനങ്ങളിൽ നിന്നും വ്യത്യസ്തമാ യൊരു നിലപാട് മുസ്‌ലിം സ്ത്രീകളുടെ വേഷവിധാനത്തിൽ പാലിക്കേണ്ടതുണ്ടെന്ന് ഈ വാക്യം ചൂണ്ടിക്കാട്ടുന്നു. ഇസ്‌ലാമിക വസ്ത്രധാരണം അടിമത്തമല്ല, മറിച്ച് സുരക്ഷയും സംരക്ഷണവുമാണ്. കുത്തഴിഞ്ഞ അധാർമിക പ്രസ്ഥാനങ്ങളുടെയും അശ്ലീല കലകളുടെയും ഒഴുക്കിൽപ്പെട്ട മനുഷ്യന്റെ മനുഷ്യത്വവും സ്ത്രീയുടെ സ്ത്രീത്വവുമെല്ലാം ശിഥിലമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതിനാൽ മാനുഷിക മൂല്യങ്ങളെ അവഗണിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ആധുനിക പരിഷ്കാരങ്ങളുടെ ദൃഷ്ടിയിൽ ഇസ്‌ലാമിലെ പർദ സമ്പ്രദായം അപമാനത്തിന്റെ അടയാളമാണെന്നതിൽ അത്ഭുതമില്ല.

അൽപ വസ്ത്രം ധരിച്ച്, ശരീരാകൃതിയെ എടുത്ത് കാണിക്കുന്ന വസ്ത്രങ്ങൾ അണിഞ്ഞു പുരുഷന്മാർക്കിടയിൽ പ്രത്യക്ഷപ്പെട്ട്; അവർ അശ്ലീല കണ്ണു കൊണ്ട് ഞങ്ങളെ കാണാതിരുന്നാൽ മതി എന്ന് പറയുന്നതിൽ എന്ത് ന്യായമാണുള്ളത്? പുരുഷന്മാരുടെ വികാര-വിചാരങ്ങൾ ജ്വലിപ്പിക്കുന്ന തരത്തിലുള്ള ഒരു വസ്ത്രവും സ്വീകരിക്കൽ മുസ്‌ലിം സ്ത്രീക്ക് അനുവദനീയമല്ല. പുരുഷന്മാർ സ്ത്രീകളെ

മുസ്‌ലിം സ്ത്രീകളായ ഞങ്ങൾക്ക് ഇസ്‌ലാം അനുശാസിക്കുന്ന വസ്ത്രധാരണരീതിയും നിയമനിർ ദേശങ്ങളുമൊന്നും അടിച്ചമർത്തലായി തോന്നുന്നില്ല. ലിബറൽ ചിന്താഗതികൾ മനസ്സിൽ നിറച്ച് നടക്കുന്നവർക്ക് അത് അടിച്ചമർത്തലാവാം. എന്നാൽ ഒരു മുസ്‌ലിം സ്ത്രീ ഇസ്‌ലാമികമായി വസ്ത്രം ധരിക്കുന്നതിലൂടെ വിശ്വാസത്തിന്റെ അവർണനനീയമായ മാധുര്യം നുകരുകയും സുരക്ഷിതത്വം അനുഭവിക്കുകയും ചെയ്യുന്നു. എതിർക്കുന്നവർക്ക് അത് വേലിക്കെട്ടുകളാണെങ്കിൽ ആ വേലിക്കെട്ടുകൾ തന്നെയാണ് ഞങ്ങളുടെ മോചനത്തിന്റെ വാതിൽ!

യും സ്ത്രീകൾ പുരുഷന്മാരെയും കണ്ണുകൾകൊണ്ട് ആസ്വദിക്കൽ ഭൗതികവാദികളുടെ വീക്ഷണത്തിൽ തെറ്റല്ലെങ്കിൽ ഇസ്‌ലാമിൽ അത് തെറ്റുതന്നെയാണ്. അബ്ദുല്ലാഹിബ്ന് ഉമ്മി മക്തൂം(റ) ഒരു അന്ധനായ സ്വഹാബിയായിരുന്നു. ഒരിക്കൽ അദ്ദേഹം കടന്നു വന്നപ്പോൾ നബി(സ്വ) തന്റെ പത്നിമാരായ ഉമ്മു സലമ(റ)യോടും മൈമൂന(റ)യോടും മാറിനിൽക്കുവാൻ കൽപിക്കുകയുണ്ടായി. 'അദ്ദേഹം അന്ധനല്ലേ, ഞങ്ങളെ കാണുകയില്ലല്ലോ' എന്ന് അവർ പറഞ്ഞപ്പോൾ നബി(സ്വ) ഇപ്രകാരമാണ് അവരോട് പറഞ്ഞത്: 'എന്നാൽ നിങ്ങൾ രണ്ട് പേരും അന്ധകളാണോ, നിങ്ങൾ അദ്ദേഹത്തെ കാണുകയില്ലേ?' (അഹ്മദ്, തിർമിദി).

ഇസ്‌ലാമിക സംസ്കാരങ്ങളെയും ധാർമിക മൂല്യങ്ങളെയും പുച്ഛിച്ചുകൊണ്ടുള്ള ഭൗതിക പരിഷ്കാരങ്ങളുടെ കുത്തൊഴുക്കിൽ അറിഞ്ഞോ അറിയാതെയോ പല മുസ്‌ലിം സ്ത്രീകളും ഇസ്‌ലാമിലെ പർദ നിയമങ്ങളെ പഴഞ്ചനും മാമൂലുമായി കാണുന്നുണ്ട്. ചില മുസ്‌ലിം നാമധാരികൾ ക്വുർആൻ സൂക്തങ്ങളെയും പ്രവാചക വചനങ്ങളെയും അതിനായി ദുർവ്യാഖ്യാനം ചെയ്യുവാൻ പോലും മുതിരുന്നു! മുസ്‌ലിം സ്ത്രീകളുടെ വേഷവിധാനം അവരുടെ പുരോഗതിക്ക് തടസ്സമാണെന്ന് നിരന്തരം പ്രചരിപ്പിക്കുന്ന വരുണ്ട്. എന്നാൽ ഏതു രംഗത്താണ്, എങ്ങനെയാണ് അത് പുരോഗതിക്ക് തടസ്സമാകുന്നത് എന്ന ചോദ്യത്തിന് അവർക്ക് ഉത്തരമില്ല. ഇവരുടെ കെണിയിൽ അകപ്പെടാതിരിക്കാനും ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ ശാപത്തിന് പാത്രമായിത്തീരാതിരിക്കാനും ഓരോ സത്യവിശ്വാസിനിയും സൂക്ഷിക്കേണ്ട തുണ്ട്.

പാശ്ചാത്യൻ വികൃത ചിന്തകളും ആശയങ്ങളുമെല്ലാം മലയാളികൾ വാരിപ്പുണരാൻ മത്സരിക്കുകയാണിന്ന്. ഇതിന്റെയൊക്കെ മഹത്ത്വത്തെ കുറിച്ച് വാചാലമാകുന്ന മീഡിയകൾക്കും ലിബറലിസ്റ്റു കൾക്കും ഫെമിനിസ്റ്റുകൾക്കും സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾക്ക് അറുതിവരുത്താനുള്ള ഒരു പോംവഴിയും നിർദേശിക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? അൽപവസ്ത്രം ധരിക്കലും അഴിഞ്ഞാട്ടവും വ്യക്തിസ്വാതന്ത്ര്യമാണെങ്കിൽ തന്റെ ശരീരം ഒരു കച്ചവടച്ചരക്കാക്കില്ല എന്ന് ഒരു പെണ്ണ് തീരുമാനിക്കുന്ന തും മാന്യമായ വസ്ത്രം ധരിക്കലും അവളുടെ വ്യക്തി സ്വാതന്ത്ര്യമാണ്. ഇത് അംഗീകരിക്കാൻ സ്വാതന്ത്ര്യവാദികൾക്ക് കഴിയാതെ പോകുന്നതെന്തുകൊണ്ടാണ്?

മുസ്‌ലിം സ്ത്രീകളായ ഞങ്ങൾക്ക് ഇസ്‌ലാം അനുശാസിക്കുന്ന വസ്ത്രധാരണരീതിയും നിയമനിർ ദേശങ്ങളുമൊന്നും അടിച്ചമർത്തലായി തോന്നുന്നില്ല. ലിബറൽ ചിന്താഗതികൾ മനസ്സിൽ നിറച്ച് നടക്കുന്നവർക്ക് അത് അടിച്ചമർത്തലാവാം. എന്നാൽ ഒരു മുസ്‌ലിം സ്ത്രീ ഇസ്‌ലാമികമായി വസ്ത്രം ധരിക്കുന്ന തിലൂടെ വിശ്വാസത്തിന്റെ അവർണനനീയമായ മാധുര്യം നുകരുകയും സുരക്ഷിതത്വം അനുഭവിക്കുകയും ചെയ്യുന്നു. എതിർക്കുന്നവർക്ക് അത് വേലിക്കെട്ടുകളാണെങ്കിൽ ആ വേലിക്കെട്ടുകൾ തന്നെയാണ് ഞങ്ങ ളുടെ മോചനത്തിന്റെ വാതിൽ!




# ഭാഷാവിസ്മയങ്ങൾ

അറബി ഭാഷ പര്യായപദങ്ങൾകൊണ്ട് സമ്പുഷ്ടമാണ്. ചില വസ്തുക്കൾക്കും ജീവികൾക്കും നൂറിലേറെ പര്യായപദങ്ങളുണ്ട്. എന്നാൽ മിക്ക പര്യായപദങ്ങളും തമ്മിൽ ആശയത്തിൽ നേരിയ വ്യത്യാസമുള്ളതായി കാണാം. ഉദാഹരണമായി, വർഷം എന്നതിന് 'സനത്' (سَنَة) എന്നും 'ആം' (عَام) എന്നും ക്വുർആനിൽ പ്രയോഗിച്ചതായി കാണാം. ഒരേ വചനത്തിൽ തന്നെ ഇത് രണ്ടും പ്രയോഗിച്ചതായി കാണാം. വാസ്തവത്തിൽ ഇത് ആവർത്തന വിരസത ഒഴിവാക്കാൻ വേണ്ടി മാത്രം ചെയ്തതല്ല, ഇവയുടെ ആശയത്തിലും വ്യത്യാസമുണ്ട്. യൂസുഫ് നബി(അ)യുടെ

ക്വുർആനിൽ മിക്ക കഥകളും ഒന്നിലധികം സ്ഥലങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. പ്രധാന കാര്യങ്ങൾ പറയുമ്പോൾ അറബികൾ അത് ആവർത്തിച്ച് പറയാറുണ്ട്. ആ ശൈലിയാണ് ഇവിടെ കാണുന്നത്. കൂടുതൽ വ്യക്തത വരുത്താനും ചില സ്ഥലങ്ങളിൽ ആവർത്തിച്ചതായി കാണാം. അതുപോലെ പല സമയങ്ങളിലായിട്ടാണ് ക്വുർആൻ അവതരിച്ചത് എന്നതുകൊണ്ട് ജനമനസ്സുകളിൽ അത് സ്ഥിരപ്പെടുത്തണമെങ്കിൽ ആവർത്തനം അനിവാര്യമാണ്. തന്നെയുമല്ല, ചില സ്വഹാബിമാർ ചില സൂറത്തുകളിലെ കഥകൾ അവതരിച്ചതിന് ശേഷം ഇസ്‌ലാമിലേക്ക് വന്നവരായിരിക്കാം. അതുപോലെ ചില സ്വഹാബിമാർക്ക് ചില അധ്യായങ്ങൾ അവതരിക്കുന്ന സമയത്ത് അത് കേൾക്കാൻ അവസരം ലഭിച്ചില്ലായിരിക്കാം. ഇവർക്കെല്ലാം കഥകൾ ആവർത്തിക്കുന്നത് അനുഗ്രഹമാണ്.

കഥയിൽ ഇപ്രകാരം കാണാം:

"പിന്നീടതിന് ശേഷം പ്രയാസകരമായ ഏഴു വർഷം വരും. ആ വർഷങ്ങൾ അന്നേക്കായി നിങ്ങൾ മുൻകൂട്ടി സൂക്ഷിച്ച് വെച്ചിട്ടുള്ളതിനെയെല്ലാം തിന്നുതീർക്കുന്നതാണ്; നിങ്ങൾ കാത്തുവെക്കുന്നതിൽ നിന്ന് അൽപം ഒഴികെ. പിന്നീടതിന് ശേഷം ഒരു വർഷം വരും. അന്ന് ജനങ്ങൾക്ക് സമൃദ്ധി നൽകപ്പെടുകയും അന്ന് അവർ(വീഞ്ഞും മറ്റും) പിഴിഞ്ഞെടുക്കുകയും ചെയ്യും" (യൂസുഫ്: 48,49).

ഈ വചനത്തിൽ 'പ്രയാസത്തിന്റെ വർഷം' എന്ന അർഥത്തിൽ سَنَة എന്നും സമൃദ്ധിയുടെ വർഷം എന്ന അർഥത്തിൽ عَام എന്നുമാണ് പ്രയോഗിച്ചിട്ടുള്ളത്. ഇതുപോലെ വർഷത്തിന്റെ സ്വഭാവമനുസരിച്ച് 'സനത്' എന്നും 'ആം' എന്നും പ്രയോഗിച്ചത് വേറെ സ്ഥലത്തും കാണാം. നൂഹ് നബി(അ) യുടെ ജീവിത കാലം പറയുന്നിടത്ത്: "നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി. അമ്പത് കൊല്ലം ഒഴിച്ചാൽ ആയിരം വർഷം തന്നെ അദ്ദേഹം അവർക്കിടയിൽ കഴിച്ചുകൂട്ടി' (അൻകബൂത് 14). നൂഹ് നബി(അ)യുടെ പ്രബോധന കാലഘട്ടം പ്രയാസകരമായിരുന്നുവെന്നതിൽ സംശയമില്ല. അതു കൊണ്ട് 950 വർഷം എന്ന് പറഞ്ഞിടത്ത് 'സനത്' എന്നും ധിക്കാരികളെ നശിപ്പിച്ചതിന് ശേഷമുള്ള അമ്പത് വർഷങ്ങൾ സുഖകരമായിരുന്നതുകൊണ്ട് അവിടെ 'ആം' എന്നുമാണ് പ്രയോഗിച്ചിട്ടുത്. ആധുനിക അറബി ഭാഷയിലും പുതുവർഷ ആംശസകൾ നേരുമ്പോൾ ആം എന്ന പദമാണുപയോഗിക്കാറുള്ളത്.

യൂസുഫ് നബി(അ)യെ ചെന്നായ പിടിച്ചതിനെ കുറിച്ച് 'അകല' (തിന്നു) എന്ന പദമാണ് പ്രയോഗിച്ചത്. ചെന്നായ വേട്ടയാടിയാൽ എന്തെങ്കിലും അവശിഷ്ടങ്ങൾ ഉപേക്ഷിക്കാൻ സാധ്യതയുണ്ട്. എന്നാൽ യൂസുഫ് നബി(അ) യുടെ ശരീര ഭാഗങ്ങൾ ഒന്നും അടയാളമായി കാണിക്കാനില്ലാത്തതു കൊണ്ടാവാം അവർ 'ചെന്നായ തിന്നു' എന്ന് പറഞ്ഞത്. അത് യഅ്ക്വൂബ് നബി(അ)ക്ക് വിസ്മരിക്കാനാവാത്ത മനഃപ്രയാസമുണ്ടാക്കി. പിന്നീട് ബിൻയാമീനെ കൊട്ടാരത്തിൽ തടഞ്ഞുവെച്ചപ്പോൾ അതികഠിനമായ ദുഃഖമുണ്ടായി. ഈ രണ്ട് സങ്കടങ്ങളും ബസ്സ് (بَثّ), ഹുസ്ൻ (حُزْن) എന്നീ രണ്ടു പദങ്ങളിലൂടെയാണ് ആവഷ്കരിക്കുന്നത്. ബസ്സ (بَثّ) എന്ന അറബി പദത്തിന് 'വിതറുക' എന്ന അർഥമാണുള്ളത്. അതികഠിനമായ സങ്കടം മനസ്സിൽ അടക്കിവെക്കാൻ കഴിയാതെ മറ്റുള്ളവരോട് പറയുമ്പോഴാണ് 'ബസ്സ' എന്ന് പറയുന്നത്.

കാലപ്പഴക്കം കൊണ്ട് മറക്കാൻ കഴിയാത്തതിനെയാണ് 'ഹുസ്ൻ' എന്ന് പറയുന്നത്. മലയാള പരിഭാഷകളിൽ ഇപ്രകാരമാണ് അർഥം നൽകിയിട്ടുള്ളത്: "അദ്ദേഹം പറഞ്ഞു: എന്റെ വേവലാതിയും വ്യസനവും ഞാൻ അല്ലാഹുവോട് മാത്രമാണ് ബോധിപ്പിക്കുന്നത്" (യൂസുഫ് 86).

മൂസാ നബി(അ) വടിയെ പാമ്പാക്കിയ സംഭവം പറയുന്നിടത്ത് ക്വുർആൻ 'പാമ്പ്' എന്ന അർഥത്തിൽ 'ഹയ്യത്' (حَيَّة), 'ജാന്ന്' (جَانّ), 'സുഅ്ബാൻ' (ثُعْبَان) എന്നീ മൂന്ന് പദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. 'ഹയ്യത്' എന്നത് സധാരണ ഗതിയിൽ എല്ലാ പാമ്പുകൾക്കും പറയുന്നതാണ്. എന്നാൽ 'ജാന്ന്' എന്ന പദം താരതമ്യേന ചെറിയ പാമ്പുകൾക്കാണ് പറയാറുള്ളത്. മാ

യാജാലക്കാരുടെ പാമ്പുകൾ ചെറിയ പാമ്പുകളായിരുന്നു. പിന്നീട് മൂസാ നബി(അ) തന്റെ വടി ഇടുകയും അത് പാമ്പായി മാറുകയും മറ്റുള്ളവയെ വിഴുങ്ങുകയും ചെയ്ത കാര്യം പറയുന്നിടത്ത് 'സുഅ്ബാൻ' അതായത് ഭീകരസർപ്പം എന്ന അർഥമുള്ള പദമാണുപയോഗിച്ചത്.

ഇബ്റാഹിം നബി(അ)ക്ക് ഇസ്ഹാകിനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കാൻ വേണ്ടി മലക്കുകൾ വന്ന സംഭവം പറയുന്നിടത്ത് അദ്ദേഹത്തിന്റെ ഭാര്യ ഇപ്രകാരം പറയുന്നതായി കാണാം: "അവർ പറഞ്ഞു: കഷ്ടം! ഞാനൊരു കിഴവിയായിട്ടും പ്രസവിക്കുകയോ? എന്റെ ഭർത്താവ് ഇതാ ഒരു വൃദ്ധൻ! തീർച്ചയായും ഇതൊരു അത്ഭുതകരമായ കാര്യം തന്നെ" (ഹൂദ് 72).

ഭർത്താവ് എന്ന അർഥത്തിൽ സൗജ് (زَوْج) എന്ന പദമാണ് പ്രയോഗിക്കാറുള്ളത്. എന്നാൽ ഈ ആയത്തിൽ 'ഭർത്താവ്' എന്നതിന് 'ബഅൽ' (بَعْل) എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. 'സൗജ്' എന്ന പദം വ്യാപകമായി ഏത് പ്രായത്തിലുള്ള ഭർത്താവിനും 'ഇണ' എന്ന അർഥത്തിൽ പ്രയോഗിക്കാറുണ്ട്. എന്നാൽ പ്രത്യുൽപാദനക്ഷമത കൂടുതലുള്ളവർക്കാണ് 'ബഅൽ' എന്ന പദം പ്രയോഗിക്കാറുള്ളത്. ഈ വചനത്തിൽ ഇബ്റാഹീം നബി (അ)യുടെ ഭാര്യ തനിക്ക് കുഞ്ഞുണ്ടാകാതിരിക്കാനുള്ള രണ്ട് കാരണങ്ങൾ നിരത്തുന്നുണ്ട്. ഒന്ന്, അവർ വൃദ്ധയാണ്. രണ്ടാമത്തേത് അവരോട് സംസർഗം നടത്തേണ്ട ഭർത്താവ് വൃദ്ധനുമാണ്. വാർധക്യം കാരണം അദ്ദേഹത്തിന്റെ പ്രത്യുത്പാദനക്ഷമത അവസാനിച്ചിട്ടുണ്ട് എന്ന സൂചന ഈ പദത്തിലൂടെ നൽകുന്നുണ്ട്.



### ആവർത്തന ലക്ഷ്യം

ഖുർആനിൽ മിക്ക കഥകളും ഒന്നിലധികം സ്ഥലങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. യൂസുഫ് നബി(അ)യുടെ കഥ മാത്രമെ ഒരിടത്ത് മുഴുവനായി പറഞ്ഞിട്ടുള്ളൂ. മറ്റു ചരിത്രങ്ങളെല്ലാം ഒരിടത്ത് പറഞ്ഞ കാര്യങ്ങൾ അൽപം കൂടി വ്യക്തമായിട്ടാണ് മറ്റു സ്ഥലങ്ങളിൽ പറയുന്നത്. പ്രധാന കാര്യങ്ങൾ പറയുമ്പോൾ അറബികൾ അത് ആവർത്തിച്ച് പറയാറുണ്ട്. ആ ശൈലിയാണ് ഇവിടെ കാണുന്നത്. കൂടുതൽ വ്യക്തത വരുത്താനും ചില സ്ഥലങ്ങളിൽ ആവർത്തിച്ചതായി കാണാം. അതുപോലെ പല സമയങ്ങളായിട്ടാണ് ഖുർആൻ അവതരിച്ചത് എന്നതുകൊണ്ട് ജനമനസ്സുകളിൽ അത് സ്ഥിരപ്പെടുത്തണമെങ്കിൽ ആവർത്തനം അനിവാര്യമാണ്. തന്നെയുമല്ല, ചില സ്വഹാബിമാർ ചില സൂറത്തുകളിലെ കഥകൾ അവതരിച്ചതിന് ശേഷം ഇസ്‌ലാമിലേക്ക് വന്നവരായിരിക്കാം. അതുപോലെ ചില സ്വഹാബിമാർക്ക് ചില അധ്യായങ്ങൾ അവതരിക്കുന്ന സമയത്ത് അത് കേൾക്കാൻ അവസരം ലഭിച്ചില്ലായിരിക്കാം. ഇവർക്കെല്ലാം കഥകൾ ആവർത്തിക്കുന്നത് അനുഗ്രഹമാണ്. മൂസാ(അ)യുടെയും ഫിർഔനിന്റെയും കഥ പോലുള്ള ചരിത്രം പതിനൊന്ന് സൂറത്തുകളിൽ ആവർത്തിച്ചിട്ടുണ്ടെങ്കിലും ചില പദങ്ങളിലും ഘടനയിലും മാറ്റം കാണാവുന്നതാണ്. തന്നെയുമല്ല, അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഇരുപത് സംഭവങ്ങൾ പതിനൊന്ന് അധ്യായങ്ങളിലായിട്ടാണ് വിവരിക്കുന്നത്. ഇവയെല്ലാം ചേർത്ത് വായിക്കുമ്പോഴാണ് മൂസാ നബി(അ)യുടെ സമ്പൂർണ ചരിത്രം നമുക്ക് ലഭ്യമാകുന്നത്. എന്നാൽ ഓരോ സംഭവം മാത്രം വായിക്കുന്നവർക്കും അപൂർണത അനുഭവപ്പെടുന്നുമില്ല. സർവോപരി മനുഷ്യരുടെ സംസാരം ആവർത്തിച്ചാൽ വിരസമായിത്തീരും; എന്നാൽ ഖുർആൻ ഒരേ സംഭവം ഒന്നിലധികം സ്ഥലങ്ങളിൽ ആവർത്തിച്ചാലും അത് കേൾക്കുമ്പോഴോ പാരായണം ചെയ്യുമ്പോഴോ മടുപ്പ് അനുഭവപ്പെടുന്നില്ല. ഒരു സൂക്തം തന്നെ യാതൊരു മാറ്റവും കൂടാതെ പല തവണ ആവർത്തിച്ചാലും വിരസത അനുഭവപ്പെടുന്നില്ല എന്നത് ഖുർആനിന്റെ മാത്രം സവിശേഷതയാണ്.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതു റൂം

(മക്കയിൽ അവതരിച്ചത്)

അധ്യായം 30

وَلَقَدْ أَرْسَلْنَا مِن قَبْلِكَ رُسُلًا إِلَىٰ قَوْمِهِمْ فَجَاءُوهُم بِالْبَيِّنَاتِ فَانتَقَمْنَا مِنَ الَّذِينَ أَجْرَمُوا ۖ وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ ﴿٤٧﴾

47. നിനക്കു മുമ്പ് പല ദൂതൻമാരെയും അവരുടെ ജനതയിലേക്ക് നാം നിയോഗിച്ചിട്ടുണ്ട്. എന്നിട്ട് വ്യക്തമായ തെളിവുകളും കൊണ്ട് അവർ (ദൂതൻമാർ) അവരുടെയടുത്ത് ചെന്നു. അപ്പോൾ കുറ്റകരമായ നിലപാട് സ്വീകരിച്ചവരുടെ കാര്യത്തിൽ നാം ശിക്ഷാ നടപടി സ്വീകരിച്ചു. വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയായിരിക്കുന്നു.

اللَّهُ الَّذِي يُرْسِلُ الرِّيَاحَ فَتُثِيرُ سَحَابًا فَيَبْسُطُهُ فِي السَّمَاءِ كَيْفَ يَشَاءُ وَيَجْعَلُهُ كِسَفًا فَتَرَى الْوَدْقَ يَخْرُجُ مِنْ خِلَالِهِ ۖ فَإِذَا أَصَابَ بِهِ مَن يَشَاءُ مِنْ عِبَادِهِ إِذَا هُمْ يَسْتَبْشِرُونَ ﴿٤٨﴾

48. അല്ലാഹുവാകുന്നു കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ (കാറ്റുകൾ) മേഘത്തെ ഇളക്കിവിടുന്നു. എന്നിട്ട് അവൻ ഉദ്ദേശിക്കുന്ന പ്രകാരം അതിനെ ആകാശത്ത് പരത്തുന്നു. അതിനെ പല കഷ്ണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്നിടയിൽ നിന്ന് മഴപുറത്ത് വരുന്നതായി നിനക്ക് കാണാം. എന്നിട്ട് തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആ മഴ എത്തിച്ചുകൊടുത്താൽ അവരതാ സന്തുഷ്ടരാകുന്നു.

وَإِن كَانُوا مِن قَبْلِ أَن يُنَزَّلَ عَلَيْهِم مِّن قَبْلِهِ لَمُبْلِسِينَ ﴿٤٩﴾

49. ഇതിനു മുമ്പ്-ആ മഴ അവരുടെ മേൽ വർഷിപ്പിക്കപ്പെടുന്നതിന് മുമ്പ്-തീർച്ചയായും അവർ ആശയറ്റവർ തന്നെയായിരുന്നു.

فَانظُرْ إِلَىٰ آثَارِ رَحْمَتِ اللَّهِ كَيْفَ يُحْيِي الْأَرْضَ بَعْدَ مَوْتِهَا ۚ إِنَّ ذَٰلِكَ لَمُحْيِي الْمَوْتَىٰ ۖ وَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٥٠﴾

50. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഫലങ്ങൾ നോക്കൂ. ഭൂമി നിർജീവമായിരുന്നതിന് ശേഷം എങ്ങനെയാണ് അവൻ അതിന് ജീവൻ നൽകുന്നത്? തീർച്ചയായും അത് ചെയ്യുന്നവൻ മരിച്ചവരെ ജീവിപ്പിക്കുകതന്നെ ചെയ്യും. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനത്രെ.

وَلَئِنْ أَرْسَلْنَا رِيحًا فَرَأَوْهُ مُصْفَرًّا لَّظَلُّوا مِن بَعْدِهِ يَكْفُرُونَ ﴿٥١﴾

51. ഇനി നാം മറ്റൊരു കാറ്റ് അയച്ചിട്ട് അത് (കൃഷി) മഞ്ഞനിറം ബാധിച്ചതായി അവർ കണ്ടാൽ അതിനു ശേഷവും അവർ നന്ദികേട് കാണിക്കുന്നവരായിക്കൊണ്ടേയിരിക്കുന്നതാണ്.

فَإِنَّكَ لَا تُسْمِعُ الْمَوْتَىٰ وَلَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ ﴿٥٢﴾

52. എന്നാൽ മരിച്ചവരെ നിനക്ക് കേൾപിക്കാനാവില്ല; തീർച്ച. ബധിരൻമാർ പിന്നോക്കം തിരിഞ്ഞ് പോയാൽ അവരെ വിളികേൾപിക്കാനും നിനക്കാവില്ല.

47. (തീർച്ചയായും നിനക്കു മുമ്പ് നാം അയച്ചു) മുൻ സമുദായങ്ങളിൽ. (അവരുടെ ജനതയിലേക്ക്; നാം ദൂതന്മാരെ) സത്യത്തെ കളവാക്കുകയും അല്ലാഹുവിന്റെ ഏകത്വത്തെ നിഷേധിക്കുകയും ചെയ്തപ്പോൾ അവർക്ക് പ്രവാചകന്മാർ വന്നു. അല്ലാഹുവിന്റെ ഏകത്വം സ്ഥിരീകരിക്കാനും അവനിൽ മാത്രം ആരാധനകൾ അർപ്പിക്കാനും സത്യത്തെ അംഗീകരിക്കാനും അവർ നിലകൊള്ളുന്ന അവിശ്വാസവും വഴികേടും നിരർഥകമാണെന്ന് പറയാനും. അതിനുള്ള തെളിവുകളും വ്യക്തമായ ദൃഷ്ടാന്തങ്ങളും അവർ കൊണ്ടുവന്നു. എന്നാൽ അവർ പിഴവിൽ തന്നെ തുടർന്നു. (അപ്പോൾ കുറ്റകരമായ നിലപാട് സ്വീകരിച്ചവരുടെ കാര്യങ്ങളിൽ നാം ശിക്ഷാനടപടി സ്വീകരിച്ചു) പ്രവാചകന്മാരുടെ അനുയായികളായ സത്യവിശ്വാസികളെ സഹായിക്കുകയും ചെയ്തു. (വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയായിരിക്കുന്നു) അത് നാം നമ്മുടെ മേൽ ബാധ്യതയാക്കി. അതിനെ നാം അവർക്ക് വാഗ്ദാനം ചെയ്ത അവകാശങ്ങളിൽ ഒന്നാക്കി. അത് സംഭവിക്കാതിരിക്കില്ല. മുഹമ്മദ് നബി(സ്വ)യെ കളവാക്കുന്നവരേ, നിങ്ങൾ നിങ്ങളുടെ നിഷേധത്തിൽതന്നെ തുടരുന്നുവെങ്കിൽ നിങ്ങൾക്ക് ശിക്ഷ വരും. നിങ്ങൾക്കെതിരെ നാം സഹായിക്കും.

48-49). ഇവിടെ അല്ലാഹു അവന്റെ പൂർണമായ ശക്തിയെയും സമ്പൂർണമായ അനുഗ്രഹങ്ങളെയും കുറിച്ച് നമ്മോട് പറയുന്നു. അവനാണ് (കാറ്റുകളെ അയക്കുന്നവൻ. എന്നിട്ട് അവ മേഘങ്ങളെ ഇളക്കിവിടുന്നു) ഭൂമിയിൽ. (എന്നിട്ട് അതിനെ ആകാശത്ത് പരത്തുന്നു) അതായത് അതിനെ വിശാലമാക്കുകയും പരത്തുകയും ചെയ്യുന്നു. (അവൻ ഉദ്ദേശിക്കുന്നപ്രകാരം) ഏത് നിലക്കാണോ അവൻ ഉദ്ദേശിക്കുന്നത് അത് പ്രകാരം. പിന്നീട് ആ വിശാലമായ മേഘത്തെ ആക്കുന്നു (കഷ്ണങ്ങൾ). അതായത് അവൻ വലിയ മേഘത്തെ ഒന്നിന് മുകളിൽ ഒന്നായി കട്ടികൂടിയ മേഘങ്ങളായി വിഘടിപ്പിക്കുന്നു. (അപ്പോൾ അതിന്നിടയിൽ നിന്ന് മഴ പുറത്ത് വരുന്നതായി നിനക്ക് കാണാം) കാർമേഘത്തിന്റെ. അപ്പോൾ അവയുടെ ഇടയിൽനിന്ന് ചെറിയ തുള്ളികളായി മഴ പെയ്യുന്നത് നീ കാണുന്നു. ഒന്നിച്ചുവരുന്നില്ല. കാരണം അത് വിളകളെ നശിപ്പിക്കും. (അതിനെ അവൻ എത്തിച്ചുകൊടുത്താൽ) ആ മഴയെ. (തന്റെ ദാസൻ സന്തുഷ്ടരാകുന്നു) മഴ വരുന്നെന്ന് അവർ പരസ്പരം സന്തോഷം പങ്കിടും. അത്രത്തോളം മഴക്ക് ആവശ്യമുണ്ട് അവർക്ക്. അതാണ് അല്ലാഹു പറഞ്ഞത്: (ഇതിന് മുമ്പ് തീർച്ചയായും അവർ ആശയറ്റവർ തന്നെയായിരുന്നു) മഴ വരുന്നത് വൈകുന്നതിൽ നിരാശപ്പെട്ടവർ. ആ സമയത്ത് മഴ കിട്ടിയപ്പോൾ അത് അവരിൽ വലിയ സ്വാധീനം ചെലുത്തുകയും അവർ അതിയായി സന്തോഷിക്കുകയും ചെയ്തു.

50) (അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഫലങ്ങൾ നോക്കൂ. ഭൂമി നിർജീവമായിക്കഴിഞ്ഞതിന് ശേഷം എങ്ങനെയാണവൻ അതിന് ജീവൻ നൽകുന്നത്) അത് മുളക്കുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു. (തീർച്ചയായും അത്) നിർജീവതക്ക് ശേഷം ചെടികളെ ജീവിപ്പിക്കുന്നത്. (മരിച്ചവരെ ജീവിപ്പിക്കുക തന്നെ ചെയ്യും. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനത്രെ) അവന്റെ ശക്തിക്ക് അതീതമായി ഒന്നുമില്ല. അവർക്ക് ഗ്രഹിക്കാനാവാത്തതും അവരുടെ ബുദ്ധികളെ അമ്പരപ്പിക്കുന്നതുമാണത്.

51) ഭൂമിയെ നിർജീവതക്ക് ശേഷം ജീവിപ്പിക്കുന്നതിലൂടെ അവൻ നൽകുന്ന അനുഗ്രഹം അവർക്ക് ലഭിച്ചിട്ടും മനുഷ്യന്റെ അവസ്ഥ ഇവിടെ അല്ലാഹു പറഞ്ഞ് തരുന്നു: എന്നാൽ, മഴയിൽ നിന്നുണ്ടാകുന്ന ഈ ചെടികൾക്കും കൃഷികൾക്കും നേരെ അവൻ നാശത്തിന്റെയും നഷ്ടത്തിന്റെയും ഒരു കാറ്റ് അയച്ചാൽ (അത് മഞ്ഞനിറം ബാധിച്ചതായി അവർ കണ്ടാൽ) അത് നാശം വരുത്തും. (അതിന് ശേഷവും അവർ നന്ദികേട് കാണിച്ചുകൊണ്ടേയിരിക്കുന്നതാണ്) നേരത്തെ അവൻ നൽകിയ അനുഗ്രഹങ്ങളെ അവർ മറക്കുന്നു. അവർ നിഷേധത്തിലേക്ക് കുതിക്കുന്നു. ഇവർക്കൊരു താക്കീതും ഉപദേശവും ഫലപ്പെട്ടില്ല.

52). (എന്നാൽ മരിച്ചവരെ നിനക്ക് കേൾപ്പിക്കാനാവില്ല. ബധിരൻമാർ-അവരെ വിളി കേൾപ്പിക്കാനും നിനക്കാവില്ല) പ്രത്യേകിച്ചും (പിന്നോക്കം തിരിഞ്ഞ് പോയാൽ) ഉപകാരമുള്ളത് കേൾക്കാനും അനുസരിക്കാനുമുള്ള എല്ലാ തടസ്സങ്ങളും ഒത്തവരാണവർ. ശാരീരികമായി ശബ്ദം കേൾക്കാനുള്ള തടസ്സംപോലെ.

ശൈഖ് അബ്ദുറസാക്വ് അൽബദർ
വിവ: സ്വഫ്‌വാൻ മുഹമ്മദ് അൽഹികമി
ആമയൂർ



# ക്ഷമാശീലയായ എന്റെ പ്രിയ സഹോദരി

**ക്യാൻസർ ബാധിച്ച് 20 വർഷത്തോളം പ്രയാസമനുഭവിച്ച് മരണപ്പെട്ട തന്റെ സഹോദരിയെക്കുറിച്ച് ശൈഖ് അബ്ദുറസാഖ് അൽബദർ എഴുതിയ കുറിപ്പ്**

ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം അല്ലാഹു കണക്കില്ലാതെ നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. “ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്” (ക്വുർആൻ 39:10).

ഇമാം ഔസാഈ(റഹി) പറഞ്ഞു: “അവർക്ക് (പ്രതിഫലം) അളന്നു കൊടുക്കുകയോ തൂക്കി നൽകുകയോ അല്ല ചെയ്യുക, തീർച്ചയായും അവർക്ക് ചൊരിഞ്ഞു കൊടുക്കുക മാത്രമാണ് ചെയ്യുക.”

എന്റെ സഹോദരി നൗറ ബിൻത് അബ്ദുൽ മുഹ്സിൻ അൽബദർ, അല്ലാഹുവിൽനിന്നുള്ള പ്രതിഫലം കാംക്ഷിച്ച് ക്ഷമയോടെ ജീവിച്ച സത്യവിശ്വാസിനികളിൽ ഒരാളാണെന്ന് ഞാൻ കരുതുന്നു- അല്ലാഹുവിന്റെ പേരിൽ ആരെയും ഞാൻ പ്രശംസിക്കുന്നില്ല. ഹിജ്റ 1379 ശഅബാൻ മാസം മൂന്നാം ദിവസം അൽ-സുൽഫി നഗരത്തിലാണ് അവർ ജനിച്ചത്.

ഇരുപത് വർഷത്തിലേറെയായി രോഗങ്ങളും വേദനകളും അവരെ അലട്ടിയിരുന്നു. ഈ കാലയളവിലുടനീളം അവർ ക്യാൻസർ ട്യൂമറുകൾകൊണ്ട് പരീക്ഷിക്കപ്പെട്ടു; ഓരോ തവണയും കീമോതെറാപ്പിയിലൂടെ ഒരു സ്ഥലം ചികിത്സിച്ചു സുഖം പ്രാപിക്കുമ്പോൾ, അത് മറ്റൊരു സ്ഥലത്തേക്ക് വ്യാപിച്ചു. ഒടുവിൽ,

> അവരെ ആശ്വസിപ്പിക്കാൻ വരുന്നവരെ അവർ സമാധാനിപ്പിക്കുകയും അവരുടെ അവസ്ഥ കണ്ട് വേദനിക്കുന്നവരെ അവർ ആശ്വസിപ്പിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിലുള്ള ഉറച്ച വിശ്വാസവും അവനെ പ്രതീക്ഷിക്കുന്നവർക്ക് അവന്റെ വാഗ്ദാനത്തിലുള്ള ഉറപ്പും അവരിലുണ്ടായിരുന്നു എന്നെനിക്ക് തോന്നി. അവർ തന്റെ അടുത്തുള്ളവരെ സമാധാനിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'ഒരു മുള്ള് തട്ടിയാൽ പോലും അല്ലാഹു അതു കാരണം പാപങ്ങൾ പൊറുക്കും എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്.'

അവസാന ദിവസങ്ങളിൽ അത് അവരുടെ തലച്ചോറിലേക്ക് വ്യാപിച്ചു. അതോടെ ഡോക്ടർമാർ വരെ കയ്യൊഴിഞ്ഞു; വേദന കുറയ്ക്കുന്നതിനുള്ള മരുന്നുകൾ മാത്രമായിരുന്നു ആശ്വാസം. ഈ കാലയളവിലുടനീളം അവർ ക്ഷമയോടെയും ദൈവത്തിൽനിന്നുള്ള പ്രതിഫലം പ്രതീക്ഷിച്ചും ഒരിക്കലും പരാതിപ്പെടാതെയും അസംതൃപ്തയാകാതെയും ജീവിച്ചു.

അവരുടെ കാര്യത്തിൽ അത്ഭുതകരമായ ഒരു കാര്യമുണ്ട്; അവരെ ആശ്വസിപ്പിക്കാൻ വരുന്നവരെ അവർ സമാധാനിപ്പിക്കുകയും അവരുടെ അവസ്ഥ കണ്ട് വേദനിക്കുന്നവരെ അവർ ആശ്വസിപ്പിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിലുള്ള ഉറച്ച വിശ്വാസവും അവനെ പ്രതീക്ഷിക്കുന്നവർക്ക് അവന്റെ വാഗ്ദാനത്തിലുള്ള ഉറപ്പും അവരിലുണ്ടായിരുന്നു എന്നെനിക്ക് തോന്നി.

അവസാന ദിവസങ്ങളിൽ, അതികഠിനമായ വേദനയുടെ സമയത്ത്, തന്റെ ഒരു മകൾ വേദനിക്കുന്നത് കണ്ട് അവർ പറഞ്ഞു: 'തീർച്ചയായും സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും നല്ലതാണ്.'

എന്നിട്ട് അവർ തന്റെ അടുത്തുള്ളവരെ സമാധാനിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'ഒരു മുള്ള് തട്ടിയാൽ പോലും അല്ലാഹു അതു കാരണം പാപങ്ങൾ പൊറുക്കും എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്.'

രോഗം മൂർച്ഛിച്ച് ഇടയ്ക്കിടെ ബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വേളയിൽ സൂറത്തുന്നംലിലെ 62ാമത്തെ വചനം അവർ പാരായണം ചെയ്യുന്നത് ഒരു മകൾ കേട്ടു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്ന് ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?)" ഈ വചനം പൂർത്തിയാക്കും മുമ്പ് അവർക്ക് ബോധം നഷ്ടപ്പെടുകയും അൽപസമയത്തിനുശേഷം ബോധം തിരിച്ചുവന്നയുടൻ ആയത്ത് അവർ പൂർത്തിയാക്കി ഓതുകയും ചെയ്തു: "അല്ലാഹുവോടൊപ്പം വേറെ വല്ല ആരാധ്യനുമുണ്ടോ? കുറച്ചു മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ." പിന്നീട് അവർ അത് ആവർത്തിച്ചുകൊണ്ടിരുന്നു.

അവർ അല്ലാഹുവിനെ ധാരാളമായി സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തിരുന്നു. നല്ലൊരു അന്ത്യം നൽകാനും അല്ലാഹു തന്നിൽ സംതൃപ്തനായ നിലയിൽ മരിപ്പിക്കാനും അവനോട് പ്രാർഥിച്ചിരുന്നു.

അബൂദാവൂദ് തന്റെ സുനനിലും അഹ്മദ് തന്റെ മുസ്നദിലും ഉദ്ധരിക്കുന്നു; നബി(സ്വ) പറഞ്ഞു: "ഒരു അടിമക്ക് അല്ലാഹുവിന്റെ അടുത്ത് ഒരു സ്ഥാനം ലഭിക്കാൻ വിധിക്കപ്പെടുകയും അവന്റെ പ്രവൃത്തികൊണ്ട് അത് നേടാൻ കഴിയാതിരിക്കുകയും ചെയ്താൽ അല്ലാഹു അവനെ ശരീരം, സമ്പത്ത്, സന്താനങ്ങൾ എന്നിവയിൽ പരീക്ഷിക്കുകയും അവന് ആ സ്ഥാനം നേടാൻ മാത്രമുള്ള ക്ഷമ നൽകുകയും ചെയ്യും."

സർവശക്തനായ അല്ലാഹു സ്വർഗത്തിൽ അവർക്ക് വലിയൊരു സ്ഥാനം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അവർ തന്റെ മാതാപിതാക്കളോട് വളരെ അനുസരണയുള്ളവളും അവരോട് ദയ കാണിക്കുന്നവരുമായിരുന്നു. അവരെ സന്ദർശിക്കുകയും പരിചരിക്കുകയും ചെയ്യാറുണ്ടായിരുന്നു; രോഗം മൂർച്ഛിച്ച സമയത്തുപോലും. നേരിട്ട് സാധിക്കാതെ വരുമ്പോൾ ഫോണിലൂടെ അവരുടെ കാര്യങ്ങൾ അന്വേഷിക്കുകയും

ആരോഗ്യസ്ഥിതി ചോദിച്ചറിയുകയും സഹോദരങ്ങളോട് അവരെ ശ്രദ്ധിക്കാൻ ഉപദേശിക്കുകയും അവരോടൊപ്പം അടുത്ത് താമസിക്കാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു.

അവരുടെ മാതാപിതാക്കളോടുള്ള കടപ്പാടിൽ ഒന്നായിരുന്നു; മരണശേഷം തന്റെ മയ്യിത്ത് മദീനയിലേക്ക് കൊണ്ടുപോയി അവിടെ വെച്ച് നമസ്കരിക്കണമെന്ന അവരുടെ വസിയ്യത്ത്. മാതാപിതാക്കൾക്ക് നമസ്കരിക്കാൻ വേണ്ടി കൂടുതൽ യാത്ര ചെയ്യേണ്ടി വരില്ലല്ലോ-പ്രയാസകരമാണെങ്കിലും അവർ അത് ഉപേക്ഷിക്കില്ലെന്ന് അവർക്ക് അറിയാമായിരുന്നു. അല്ലാഹു അവർക്ക് ആഗ്രഹം സാധിച്ചു കൊടുത്തു. അവരുടെ മൃതദേഹം മാറ്റാനുള്ള കാര്യങ്ങൾ അത്ഭുതകരമായി എളുപ്പമാക്കി; അവർ മരിച്ചത് അസ്വറിന് ശേഷമായിരുന്നു. സ്വുബ്ഹി നമസ്കാരശേഷം മസ്ജിദുന്നബവിയിൽ വെച്ച് അവർക്ക് വേണ്ടി നമസ്കരിച്ചു. (അല്ലാഹുവിന്റെ അനുവാദമുണ്ടെങ്കിൽ) കാരുണ്യവും സ്നേഹവും സംതൃപ്തിയുമുള്ള അവരുടെ അന്ത്യവിശ്രമസ്ഥലത്തേക്ക് ഭൂമിയിലുള്ള അല്ലാഹുവിന്റെ സാക്ഷികളായ വലിയൊരു ജനക്കൂട്ടം അവരെ അനുഗമിച്ചു. അവരെ അനുഗമിച്ചവരിൽ ആദ്യത്തെയാൾ അവരുടെ പിതാവായിരുന്നു.

അദ്ദേഹം തന്റെ കസേരയിൽ ഇരുന്ന് അവരുടെ ക്വബ്റിടത്തിനടുത്ത് വന്നു, അവരുടെ ക്വബ്റടക്കത്തിൽ പങ്കെടുത്തു, അവർക്ക് പാപമോചനത്തിനും കാരുണ്യത്തിനും സ്ഥിരതയ്ക്കും വേണ്ടി അല്ലാഹുവോട് പ്രാർഥിച്ചു.

ഞങ്ങൾ അർധരാത്രിയിൽ മദീനയിലെത്തിയപ്പോൾ മയ്യിത്ത് മാതാപിതാക്കളുടെ വീട്ടിലേക്ക് കൊണ്ടുപോയിരുന്നു. ഒരു മണിക്കൂറോളം അവിടെ വെച്ച് അവരെ ചുംബിക്കാനും യാത്രയയക്കാനും അവസാനമായി ഒരു നോക്ക് കാണാനും അനുവദിച്ചു. അല്ലാഹുവിന്റെ അനുവാദത്താൽ സ്വർഗത്തിലെ ഉന്നത സ്ഥാനങ്ങളിൽ വെച്ച് ഒരുമിച്ചുകൂടാമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു പറയുന്നു: “ഏതൊരു കൂട്ടർ വിശ്വസിക്കുകയും അവരുടെ സന്താനങ്ങൾ വിശ്വാസത്തിൽ അവരെ പിന്തുടരുകയും ചെയ്തിരിക്കുന്നുവോ അവരുടെ സന്താനങ്ങളെ നാം അവരോടൊപ്പം ചേർക്കുന്നതാണ്. അവരുടെ കർമഫലത്തിൽനിന്ന് യാതൊന്നും നാം അവർക്കു കുറവു വരുത്തുകയുമില്ല. ഏതൊരു മനുഷ്യനും താൻ സമ്പാദിച്ചു വെച്ചതിന് (സ്വന്തം കർമങ്ങൾക്ക്) പണയം വെക്കപ്പെട്ടവനാകുന്നു” (ക്വുർആൻ 52:21).

അവരുടെ മരണസമയത്ത് ഞാൻ അവരുടെ അടുത്തുണ്ടായിരുന്നു. അവർ മരിച്ചയുടൻ അവരുടെ മുഖം വെളുക്കുകയും തിളങ്ങുകയും ചെയ്തു. മനോഹരമായ ഒരു പുഞ്ചിരിയും അത്ഭുതകരമായ ഒരു പ്രകാശവും മുഖത്ത് നിറഞ്ഞു. അത് കാണുന്നവർക്ക് അത്ഭുതം തോന്നും; ക്ഷീണമോ പ്രയാസങ്ങളോ അവർക്ക് നേരിട്ടിട്ടേ ഇല്ലാത്തതുപോലെ. ഇത് സത്യവിശ്വാസികൾക്ക് മരണസമയത്ത് മലക്കുകൾ ഇറങ്ങിവരുമ്പോൾ ലഭിക്കുന്ന സന്തോഷവാർത്തയുടെ ഫലമാണെന്ന് ഞാൻ കരുതുന്നു:

“നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക” (ക്വുർആൻ 41:30).

ഈ ആയത്ത് വിശദീകരിച്ചു കൊണ്ട് നിരവധി വ്യാഖ്യാതാക്കൾ പറഞ്ഞു: ‘ഇത് മരണസമയത്താണ്.’ ബറാഉ(റ)ന്റെ ദീർഘമായ ഒരു ഹദീസിൽ ഇങ്ങനെ പറയുന്നു: “മലക്കുകൾ സത്യവിശ്വാസിയുടെ ആത്മാ

അവരുടെ പെൺമക്കളിൽ ഒരാൾ വിട്ടുവീഴ്ചയെക്കുറിച്ചും അത് ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ അടുത്ത് ലഭിക്കുന്ന വലിയ പ്രതിഫലത്തെക്കുറിച്ചും അവരെ ഓർമിപ്പിക്കാറുണ്ടായിരുന്നു. അവർ ബോധം വരികയും പോകുകയും ചെയ്യുന്നതിനിടെ അത് കേൾക്കുമായിരുന്നു. പിന്നീട് ബോധം നഷ്ടപ്പെടുകയും തിരികെ വന്നരികയും ചെയ്തപ്പോൾ അവർ പറഞ്ഞു: ‘ആരെങ്കിലും മാപ്പുനൽകുകയും (അതുവഴി) നന്മ വരുത്തുകയുമാണെങ്കിൽ അവന്നുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാകുന്നു” (ക്വുർആൻ 42:40).

വിനോട് പറയും: 'നല്ല ദേഹത്തിൽ ഉണ്ടായിരുന്ന നല്ല ആത്മാവേ, സന്തോഷത്തോടെ പുറത്തു വരിക, ആശ്വാസത്തെയും സുഗന്ധ ത്തെയും കോപമില്ലാത്ത റബ്ബിനെയും കുറിച്ച് സന്തോഷിക്കുക."

ചെറുപ്പത്തിൽ അവർക്ക് ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിഞ്ഞില്ല. പക്ഷേ, അവർ മദ്റസകളിൽ പഠിച്ചു. അവിടെനിന്നും അവർ എഴുതാനും വായിക്കാനും പഠിച്ചു. ചെറുപ്പത്തിൽ ക്വുർആൻ ഓതാനും മനഃപാഠമാക്കാനും അവർക്ക് അവസരം ലഭിച്ചു. അവർ എന്റെ ആദ്യത്തെ അധ്യാപികയായിരുന്നു. അവരുടെ കൈകളിൽ നിന്ന് ഞാൻ എഴുതാനും വായിക്കാനും പഠിച്ചു. അവർ എനിക്ക് വരകൾ വരച്ച് തരും, അതിലൂടെ ഞാൻ അക്ഷരങ്ങളും വാക്കുക ളും എഴുതാൻ പഠിക്കും. പിന്നീട് ഞാൻ അവരിൽനിന്ന് പഠിക്കുക യും അവരുടെ അറിവിൽനിന്നും ബുദ്ധിയിൽനിന്നും പ്രയോജനം നേടുകയും ചെയ്തു. ഞാൻ പലപ്പോഴും അവരോട് പറയാറുണ്ടായി രുന്നു: 'നിങ്ങളാണ് എന്റെ ആദ്യത്തെ ഉസ്താദും അധ്യാപകനും.' അവരുടെ മക്കളെ പഠിപ്പിക്കുന്നതിലും വളർത്തുന്നതിലുമുള്ള അവ രുടെ ശ്രദ്ധ അതിശയകരമായിരുന്നു.

ഞാനും അവരും തമ്മിൽ കൂടിയാലോചനകളും ഉപദേശങ്ങ ളും ചർച്ചകളും നടന്നിരുന്നു. അവർ തന്റെ വിഷമങ്ങൾ എന്നോട് തുറന്നുപറയുകയും തന്റെ സ്വകാര്യ കാര്യങ്ങളിൽ എന്നോട് കൂടി യാലോചിക്കുകയും ചെയ്യും. ഞങ്ങൾ തമ്മിലുള്ള ബന്ധം ഒരിക്ക ലും മുറിഞ്ഞിരുന്നില്ല. വല്ലപ്പോഴും എനിക്ക് എന്തെങ്കിലും കാര്യ ത്തിനായി റിയാദിലേക്ക് പോകേണ്ടി വരുമ്പോൾ ഞാൻ അവരുടെ വീട്ടിൽ പോയിരുന്നു. അവിടെയല്ലാതെ ഞാൻ ഉറങ്ങാറില്ലായിരു ന്നു. ഞാൻ അവരോട് എപ്പോഴും പറയും: 'നിങ്ങളുടെ വീട് എനി ക്ക് ഒരു പ്രധാന തൂണാണ്, റിയാദിൽ വന്നിട്ട് നിങ്ങളുടെ വീട്ടിൽ വരാതിരിക്കാൻ എനിക്ക് കഴിയില്ല.'

അവർ തന്റെ മാതാപിതാക്കൾക്ക് മുമ്പ് മരിച്ചു. അവരുടെ മരണ വാർത്ത അറിഞ്ഞപ്പോൾ മാതാവ് പറഞ്ഞു: 'എന്റെ മകൾ എന്നെ മുൻകടന്നു.'

എന്നാൽ - അല്ലാഹുവാണേ സത്യം - അല്ലാഹുവിന്റെ സം തൃപ്തിയും പാപമോചനവും സ്വർഗത്തിലെ ഉന്നത സ്ഥാനങ്ങളും ലഭിക്കാനായി, അവരുടെ മാതാപിതാക്കൾ നടത്തിയ പ്രാർഥനക ളിലൂടെ അവർ മുൻകടന്നു. മാതാപിതാക്കളുടെ പ്രാർഥന സന്താ നങ്ങൾക്ക് ഉത്തരം ലഭിക്കുന്നതാണ്. അതിനാൽ അവർക്ക് അഭി നന്ദനങ്ങൾ. ഈ നന്മയും ഔദാര്യവും അനുഗ്രഹവും ലഭിച്ചതിൽ അഭിനന്ദനങ്ങൾ.

അവർ മരണപ്പെടുമ്പോൾ മാതാപിതാക്കൾ അവരിൽ സംതൃ പ്തരായിരുന്നു, അവരെ സ്നേഹിക്കുന്നവരായിരുന്നു, അവരോട് കരുണ കാണിക്കുന്നവരായിരുന്നു. അവരുടെ മരണശേഷം അവർക്ക് വേണ്ടി പ്രാർഥിക്കുന്നവരുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അവരുടെ രോഗം മൂർച്ഛിച്ച സമയത്ത് മാതാവ് അവരെ സന്ദർശി ക്കാൻ താൽപര്യപ്പെട്ടിരുന്നു. എന്നാൽ എന്റെ സഹോദരി പറയു മായിരുന്നു: 'അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുക.' കാരണം, പ്രയാസത്തിലും വിഷമത്തിലും തന്നെ കാണുന്നത് മാ താവിന്റെ ഹൃദയത്തെ വേദനി പ്പിക്കുമെന്ന് അവർ ഭയപ്പെട്ടു. വാസ്തവത്തിൽ, രോഗം മൂർച്ഛിച്ച പ്പോൾ അവരുടെ മക്കളും പേര ക്കുട്ടികളും ഭർത്താവും സഹോ ദരൻ അബ്ദുറസാഖും അല്ലാത്ത ആരെയും കാണാൻ അവർ അനുവദിച്ചില്ല.

അവരുടെ പെൺമക്കളിൽ ഒരാൾ വിട്ടുവീഴ്ചയെക്കുറിച്ചും അത് ചെയ്യുന്നവർക്ക് അല്ലാ ഹുവിന്റെ അടുത്ത് ലഭിക്കുന്ന വലിയ പ്രതിഫലത്തെക്കുറിച്ചും അവരെ ഓർമിപ്പിക്കാറുണ്ടായി രുന്നു. അവർ ബോധം വരിക യും പോകുകയും ചെയ്യുന്നതി നിടെ അത് കേൾക്കുമായിരുന്നു. പിന്നീട് ബോധം നഷ്ടപ്പെടു കയും തിരികെ വന്നരികയും ചെയ്തപ്പോൾ അവർ പറഞ്ഞു: 'ആരെങ്കിലും മാപ്പുനൽകുകയും (അതുവഴി) നന്മ വരുത്തുകയുമാ ണെങ്കിൽ അവന്നുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാ കുന്നു" (ക്വുർആൻ 42:40). ഈ മാപ്പ് കാരണം അല്ലാഹു അവർ ക്ക് കൂടുതൽ ആദരവും ഉന്നതി യും നൽകട്ടെ.

കഴിഞ്ഞ ഏതാനും ആഴ്ച കളിൽ ഞാൻ അവരെ സന്ദർ ശിക്കാറുണ്ടായിരുന്നു. തന്റെ മക്കളെക്കുറിച്ചല്ലാതെ മറ്റൊ ന്നിനെക്കുറിച്ചും അവർക്ക് ആശങ്കയുള്ളതായി ഞാൻ കണ്ടില്ല-അല്ലാഹു അവരെ നന്നാക്കുകയും അനുഗ്രഹിക്കു കയും ചെയ്യട്ടെ, അവർ ജീവിച്ചി രിക്കുമ്പോൾ അവർക്ക് ലഭിച്ച നന്മയെക്കാൾ കൂടുതൽ അവർ മരിച്ചശേഷവും അവർക്ക് നന്മ നൽകട്ടെ-ചിലപ്പോൾ രോഗം മൂർ ച്ഛിച്ച സമയത്ത് അവർ എന്നെ ഒറ്റയ്ക്ക് വിളിച്ച് അവരെക്കുറിച്ച് എന്നോട് ആലോചിക്കുകയും

ഉപദേശം ചോദിക്കുകയും വസ്വിയ്യത്ത് ചെയ്യുകയും ചെയ്യും. അവരുടെ ഹൃദയത്തിൽ അവർക്ക് അത്ഭുതകരമായ സ്നേഹവും വലിയ സ്ഥാനവും അതിയായ ശ്രദ്ധയുമുണ്ടായിരുന്നു. അവർക്ക് അല്ലാഹു കൂടുതൽ അനുഗ്രഹം നൽകട്ടെ, അവർ വലിയ അളവിൽ നന്മയും ദയയും ഉള്ളവരായിരുന്നു.

അവരുടെ രോഗം മൂർച്ഛിച്ച സമയത്ത് അവരുടെ മക്കളിൽ നിന്ന് ലഭിക്കുന്ന വലിയ ശ്രദ്ധ കണ്ട് ഞാൻ ഒരു ദിവസം അവരോട് പറഞ്ഞു: 'ഈ പെൺമക്കളെ ലഭിച്ചതിൽ നിങ്ങൾക്ക് സന്തോഷം! മാ ശാ അല്ലാഹ്.' അപ്പോൾ അവർ പറഞ്ഞു: 'മക്കളോ? അൽഹംദുലില്ലാഹ്, എല്ലാവരും നല്ലവരും അനുഗൃഹീതരുമാണ്.'

അവസാന ദിവസങ്ങളിൽ അവർ, ഇബ്നുമാജ തന്റെ സുനനിൽ അബൂ ഹുറയ്റ(റ)യിൽ നിന്നും അബൂ സഈദി(റ)ൽ നിന്നും ഉദ്ധരിച്ച ഒരു ഹദീസിൽ വന്ന അഞ്ച് തഹ്‌ലീലുകൾ പതിവായി ചൊല്ലിയിരുന്നു. അല്ലാഹുവിന്റെ ദൂതൻ(സ്വ) ഇപ്രകാരം പറഞ്ഞതായി സാക്ഷ്യപ്പെടുത്തി: "അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു, അല്ലാഹു അക്ബർ' എന്ന് പറഞ്ഞാൽ, അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു; ഞാനല്ലാതെ ആരാധനക്ക് അർഹനില്ല, ഞാനാണ് ഏറ്റവും വലിയവൻ.' അടിമ 'ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു; ഞാനല്ലാതെ ആരാധനക്ക് അർഹനില്ല, ഞാൻ ഏകനാണ്.' 'ലാ ഇലാഹ ഇല്ലല്ലാഹു ലാ ശരീക ലഹു' എന്ന് പറഞ്ഞാൽ, അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു; ഞാനല്ലാതെ ആരാധനക്ക് അർഹനില്ല, എനിക്ക് പങ്കുകാരനില്ല.' 'ലാ ഇലാഹ ഇല്ലല്ലാഹു, ലഹുൽ മുൽകു വ ലഹുൽ ഹംദു' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു; ഞാനല്ലാതെ ആരാധനക്ക് അർഹനില്ല, എനിക്കാണ് രാജാധികാരം, എനിക്കാണ് സർവ സ്തുതിയും.' 'ലാ ഇലാഹ ഇല്ലല്ലാഹു, വ ലാ ഹൗല വ ലാ കുവ്വത്ത ഇല്ലാ ബില്ലാഹ്' എന്ന് പറഞ്ഞാൽ അല്ലാഹു പറയും: 'എന്റെ അടിമ സത്യം പറഞ്ഞു; ഞാനല്ലാതെ ആരാധനക്ക് അർഹനില്ല, എനിക്കല്ലാതെ ശക്തിയും കഴിവുമില്ല.' നബി(സ്വ) പറഞ്ഞു: 'മരണസമയത്ത് ഈ ദിക്റുകൾ ആർക്ക് പറയുന്നുവോ അവനെ നരകം സ്പർശിക്കില്ല."

തിർമിദി തന്റെ ഗ്രന്ഥത്തിൽ, രോഗിയുടെ ദിക്റുകളെക്കുറിച്ചുള്ള അധ്യായത്തിൽ ഇത് ഉദ്ധരിക്കുന്നുണ്ട്. അതിലെ വാചകം ഇപ്രകാരമാണ്: "ആരെങ്കിലും രോഗാവസ്ഥയിൽ ഇത് പറയുകയും എന്നിട്ട് മരിക്കുകയും ചെയ്താൽ അവനെ നരകം തൊടുകയില്ല."


നസാഈ ഇത് ഉദ്ധരിക്കുകയും 'അഞ്ച് വിരലുകൾ കൊണ്ട് ഇത് എണ്ണി' എന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു. മറ്റൊരു റിപ്പോർട്ടിൽ അദ്ദേഹം പറഞ്ഞു: 'അടിമ പറയുന്ന അഞ്ച് കാര്യങ്ങളെ അല്ലാഹു സത്യപ്പെടുത്തുന്നു.' എന്നിട്ട് അദ്ദേഹം അവയെക്കുറിച്ച് പരാമർശിച്ചു.

മുബാറക്ഫൂരി 'അൽമിർആത്ത്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞു: 'ഈ ഹദീസിൽനിന്ന് മനസ്സിലാക്കുന്നത്, ഈ ദിക്റുകൾ രോഗാവസ്ഥയിൽ ചൊല്ലി, ആ രോഗത്തിൽ തന്നെ മരിച്ചാൽ-അതായത്, അവന്റെ അവസാന വാക്ക് ബുദ്ധിയോടെയും അറിവോടെയും പറഞ്ഞതെങ്കിൽ-അവനെ നരകം സ്പർശിക്കില്ല, മുമ്പ് സംഭവിച്ച പാപങ്ങൾ അവനെ ദോഷകരമായി ബാധിക്കുകയുമില്ല. എല്ലാ പാപങ്ങളെയും അത് പൊറുക്കുകയും ചെയ്യും.'

'മരണസമയത്ത് ഇത് ആർക്ക് ലഭിക്കുന്നുവോ അവനെ നരകം സ്പർശിക്കില്ല' എന്ന തലക്കെട്ടിലുള്ള എന്റെ ഒരു ലേഖനം ഞാൻ അവർക്ക് നേരത്തെ അയച്ചിരുന്നു. അപ്പോൾ ഈ ദിക്റുകളോട് അവർക്ക് വലിയ താൽപര്യമുണ്ടായി, അവസാന ദിവസങ്ങളിൽ അവർ അത് ധാരാളമായി ചൊല്ലി. ഈ ദിക്റുകളാണ് അവരുടെ അവസാന വാക്കുകളായിരുന്നത്.

അവരിൽ നിന്ന് അവസാനമായി കേട്ടത്: 'യാ റബ്ബ്...!' എന്നാണ്. എന്താണ് അവർ അല്ലാഹുവോട് ചോദിച്ചതെന്ന് കേട്ടില്ല. എന്നാൽ ദാതാവും ഉദാരനുമായ അല്ലാഹുവിന്റെ അടുത്ത് അവർക്ക് അതൊരു വലിയ നിധിയായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അല്ലാഹുവേ, അവർക്ക് പൊറുത്തുകൊടുക്കേണമേ. അവരുടെ പദവി ഉയർത്തേണമേ. അവരുടെ ഖബ്ർ വിശാലമാക്കേണമേ, അതിൽ പ്രകാശം നിറക്കേണമേ. അവരെ നിന്റെ അടുത്ത് സൽകർമികളിൽ രേഖപ്പെടുത്തേണമേ. അവരുടെ രേഖ ഇല്ലിയ്യീനുകളിൽ ആക്കേണമേ. അവരുടെ പ്രതിഫലം ഞങ്ങൾക്ക് നിഷേധിക്കരുതേ. അവർക്ക് ശേഷം ഞങ്ങളെ പരീക്ഷിക്കരുതേ. ഞങ്ങളെയും ഞങ്ങളുടെ മാതാപിതാക്കളെയും അവരെയും ഫിർദൗസുൽ അഅ്ലായിൽ ഒരുമിച്ചുകൂട്ടേണമേ. ■





മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

# വിധിവിശ്വാസം 02

**ക്വദ്റിലുള്ള വിശ്വാസത്തിന്റെ ഘടകങ്ങൾ**

ക്വദ്റിലുള്ള വിശ്വാസം നാല് ഘടകങ്ങൾ ഉൾക്കൊള്ളുന്നുണ്ട്:

1. സൃഷ്ടിപ്പിന് മുമ്പുതന്നെ സൃഷ്ടികളെ സംബന്ധിച്ച് സമ്പൂർണമായ അറിവ് അല്ലാഹുവിനുണ്ടായിരുന്നു.
2. സൃഷ്ടിപ്പിന് മുമ്പ്, സംഭവിക്കാൻ പോകുന്നതെല്ലാം അല്ലാഹു രേഖപ്പെടുത്തിയിരുന്നു.
3. സൃഷ്ടികളിൽ വല്ലതും സംഭവിക്കുന്നത് അല്ലാഹുവിന്റെ ഉദ്ദേശ്യത്തിനനുസരിച്ച് മാത്രമാണ്.
4. പ്രപഞ്ചത്തിലുള്ളതഖിലവും അല്ലാഹു മാത്രമാണ് സൃഷ്ടിച്ചത്.

ഈ നാല് ഘടകങ്ങളും നാം വിശദമായി ചർച്ച ചെയ്യുകയാണ്.

*1. അല്ലാഹുവിന്റെ സൂക്ഷ്മമായ അറിവ്*

കഴിഞ്ഞുപോയതും വരാൻ പോകുന്നതുമായ കാര്യങ്ങളെ കുറിച്ച് പൂർണമായ അറിവ് അല്ലാഹുവിനുണ്ട്. ഇപ്പോൾ നിലവിലില്ലാത്ത വസ്തുക്കൾ നിലവിൽ വന്നാൽ അവ എങ്ങനെയുണ്ടാകും എന്നത് പോലുള്ള സാങ്കൽപിക കാര്യങ്ങളെ കുറിച്ചുള്ള അറിവ് പോലും അവനുണ്ട്.

**സൃഷ്ടികളെക്കുറിച്ചുള്ള കൃത്യമായ അറിവ്:**

അല്ലാഹുവാണ് ഈ ലോകത്തുള്ള സകല വസ്തുക്കളുടെയും സ്രഷ്ടാവ്. അവന്റെ സൃഷ്ടി അവന്റെ സമ്പൂർണവും സൂക്ഷ്മവുമായ ജ്ഞാനത്തിന്റെ വ്യക്തമായ സാക്ഷ്യമാണ്.

അല്ലാഹു ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും പർവതങ്ങളെയും സമുദ്രങ്ങളെയും മൃഗങ്ങളെയും കീടങ്ങളെയും പരമാണുക്കളെയും ന്യൂക്ലിയസ്സുകളെയുമെല്ലാം അതിസങ്കീർണവും എന്നാൽ കുറ്റമറ്റതുമായ വ്യവസ്ഥയോടെ സൃഷ്ടിച്ചു. അല്ലാഹു പറയുന്നു:

"പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല" (അൽ മുൽക്: 3).

അല്ലാഹു നമ്മെ ഏറ്റവും നല്ല ഘടനയോടെ രൂപപ്പെടുത്തുകയും ചെയ്തു. അവൻ പറയുന്നു: "തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു" (അത്തീൻ: 4).

മൃഗങ്ങൾക്കും കീടങ്ങൾക്കും പരിമിതമായ അറിവ് മാത്രമാണുള്ളത്. മനുഷ്യർക്ക് അവയെക്കാൾ കൂടുതൽ അറിവുണ്ട്. അവരിൽതന്നെയുള്ള ചിലർ ശരാശരി മനുഷ്യനുള്ളതിനെക്കാൾ വിപുലമായ അറിവുകൊണ്ട് അനുഗ്രഹിക്കപ്പെട്ടവരാണ്. സൃഷ്ടികൾക്കിടയിലുള്ള അറിവുകളെല്ലാം അല്ലാഹു നൽകിയതാണ്. അവയാകട്ടെ, അവന്റെ ജ്ഞാനവുമായി തുലനം ചെയ്യാൻ പോലും പര്യാപ്തമല്ല. അല്ലാഹു പറയുന്നു:

"സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (അൽമുൽക്: 14).

മനുഷ്യരെയും ആകാശഭൂമികളെയും സൃഷ്ടിക്കുന്നതിനു മുമ്പ് തന്റെ സൃഷ്ടികൾക്ക് സംഭവിക്കാൻ പോകുന്നതിനെക്കുറിച്ച് അല്ലാഹുവിന് വിശദമായി അറിയുമായിരുന്നു. അതുകൊണ്ടുതന്നെ സൃഷ്ടികളുടെ ഗുണങ്ങളും കർമങ്ങളും അവന്റെ മുൻകൂട്ടിയുള്ള അറിവുമായി യോജിച്ചുവരുന്നു. അല്ലാഹു പറയുന്നു:

"അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏത് വസ്തുവെയും ചൂഴ്ന്നു അറിയുന്നവനാകുന്നു എന്നും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി (അല്ലാഹുവിന്റെ കൽപന നിങ്ങൾക്കിറങ്ങുന്നു)" (അത്ത്വലാക്: 12).

അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള അറിവിൽനിന്നും ഒരു വസ്തുവും ഒഴിഞ്ഞുപോയിട്ടില്ല. ചെറുതും വലുതും മറഞ്ഞതും തെളിഞ്ഞതുമായ സകലതും അതുൾക്കൊള്ളുന്നുണ്ട്. അവൻ പറയുന്നു.

"അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല" (അൽഅൻആം: 59).

എല്ലാ സൃഷ്ടികളുടെയും മുഴുവൻ അവസ്ഥ, ആയുസ്സ്, ഉപജീവനം തുടങ്ങിയ കാര്യങ്ങൾ, മനുഷ്യരുടെ സൽകർമങ്ങൾ, ദുഷ്കർമങ്ങൾ, വിചാരങ്ങൾ, ചെയ്തികൾ, അവരുടെ വിജയപരാജയങ്ങളുടെ അവസ്ഥകൾ, അതുപോലെയുള്ള മറ്റുകാര്യങ്ങൾ എന്നിവയും അല്ലാഹുവിന്റെ പൂർവജ്ഞാനത്തിലുൾ പ്പെടുന്നതാണ്. ആരൊക്കെ സ്വർഗത്തിൽ പ്രവേശിക്കുമെന്നും ആരൊക്കെ നരകത്തിൽ ആപതിക്കുമെന്നും അല്ലാഹുവിന് കൃത്യമായി അറിയാം. അല്ലാഹു പറയുന്നു:

"നിങ്ങളെ ഭൂമിയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയ സന്ദർഭത്തിലും നിങ്ങൾ നിങ്ങളുടെ ഉമ്മമാരുടെ വയറുകളിൽ ഗർഭസ്ഥശിശുക്കളായിരിക്കുന്ന സന്ദർഭത്തിലും അവനാകുന്നു നിങ്ങളെപ്പറ്റി കൂടുതൽ അറിവുള്ളവൻ. അതിനാൽ നിങ്ങൾ ആത്മപ്രശംസ നടത്താതിരിക്കുക. അവനാകുന്നു സൂക്ഷ്മത പാലിച്ചവരെപ്പറ്റി നന്നായി അറിയുന്നവൻ" (അന്നജ്മ്: 32).

**ഗൈബിയ്യായ അറിവ്**

അല്ലാഹുവിങ്കൽ ഗൈബിയ്യായ ലോകത്തെ കുറിച്ചുള്ള മുഴുവൻ അറിവുമുണ്ട്. അതായത്, മനുഷ്യകഴിവുകൾക്കും ധാരണകൾക്കും അപ്പുറത്തുള്ള എല്ലാം. അല്ലാഹു പറയുന്നു: "അവന്റെ പക്കലാകുന്നു ഗൈബിന്റെ (അദൃശ്യകാര്യങ്ങളുടെ) ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയുമില്ല" (അൽഅൻആം: 59).

നമ്മുടെ ഇന്ദ്രിയശേഷികൾ കൊണ്ടും കഴിവുകൾകൊണ്ടും ഭാഗികമായി ഗ്രഹിക്കാൻ കഴിയുന്ന കാര്യങ്ങളായാലും പൂർണമായും നമ്മുടെ ഗ്രാഹ്യശേഷിക്ക് പുറത്തുള്ള കാര്യങ്ങളായാലും അവയെ കുറിച്ചുള്ള സമ്പൂർണവും സൂക്ഷ്മവും വിശാലവുമായ ജ്ഞാനം അല്ലാഹുവിന് മാത്രമാണ്. അല്ലാഹു പറയുന്നു:

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു" (അൽഹശ്ർ: 22).

**സാങ്കൽപിക ലോകത്തെ കുറിച്ചുള്ള അറിവ്**

നാം ഒരു കളിപ്പാട്ടമോ മറ്റെന്തെങ്കിലും ഒരുപകരണമോ ഉണ്ടാക്കുകയാണെങ്കിൽ, അത് ആസൂത്രണം ചെയ്യുകയും അതിന്റെ പ്രവർത്തന രീതിയെ കുറിച്ച് പ്രവചിക്കാൻ ശ്രമിക്കുകയും ചെയ്യും. പലപ്പോഴും നമ്മുടെ പ്രവചനം യാഥാർഥ്യവുമായി പൊരുത്തപ്പെ

ടുകയില്ല. അപ്പോൾ നാം ഉണ്ടാക്കിയതിൽ ഭേദഗതി വരുത്താൻ നിർബന്ധിതനാകും. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അങ്ങനെയില്ല! നിലവിലില്ലാത്ത ഒരു വസ്തു, താൻ സൃഷ്ടിക്കുകയാണെങ്കിൽ, അതെങ്ങനെയുണ്ടാകുമെന്നതിനെ കുറിച്ച് അല്ലാഹുവിന് കൃത്യമായി അറിയാം.

ഉദാഹരണത്തിന്, രണ്ടാമതൊരവസരം കൂടി ഈ ജീവിതത്തിൽ നൽകുകയാണെങ്കിൽ നല്ലത് പ്രവർത്തിക്കുമെന്ന് അവിശ്വാസികൾ പരലോകത്തുവെച്ച് വാദിക്കും. എന്നാൽ, അവർ കള്ളം പറയുകയാ ണെന്നും അവരെ ഈ ജീവിതത്തിലേക്കുതന്നെ തിരിച്ചയക്കുകയാണെങ്കിൽ അവർ തങ്ങളുടെ അവിശ്വാസത്തിലേക്കും ദുഷ്ടതയിലേക്കും മടങ്ങുമെന്നും അല്ലാഹുവിന്നറിയാം. അല്ലാഹു പറയുന്നു:

"അല്ല; അവർ മുമ്പ് മറച്ചുവെച്ചുകൊണ്ടിരുന്നത് (ഇപ്പോൾ) അവർക്ക് വെളിപ്പെട്ടിരിക്കുന്നു. തിരിച്ചയക്ക പ്പെട്ടാൽ തന്നെയും അവർ എന്തിൽ നിന്നൊക്കെ വിലക്കപ്പെട്ടുവോ അതിലേക്കുതന്നെ അവർ മടങ്ങിപ്പോ കുന്നതാണ്. തീർച്ചയായും അവർ കള്ളം പറയുന്നവരാകുന്നു" (അൽഅൻആം: 28).

മറ്റൊരുദാഹരണം: മാർഗദർശനം കേട്ടുകഴിഞ്ഞാൽ അവിശ്വാസികളിൽനിന്നുണ്ടാകാൻ സാധ്യതയുള്ള പ്രതികരണവും അല്ലാഹുവിന്നറിയാം: "അവരിൽ വല്ല നന്മയുമുള്ളതായി അല്ലാഹു അറിഞ്ഞിരുന്നുവെങ്കിൽ അവരെ അവൻ കേൾപ്പിക്കുക തന്നെ ചെയ്യുമായിരുന്നു. അവരെ അവൻ കേൾപിച്ചിരുന്നെങ്കിൽ തന്നെ അവർ അവഗണിച്ചുകൊണ്ട് തിരിഞ്ഞുകളയുമായിരുന്നു" (അൽഅൻഫാൽ: 23).

*2. അല്ലാഹുവിന്റെ പരിപൂർണ രേഖ*

വിധിവിശ്വാസത്തിലെ രണ്ടാമത്തെ അനിവാര്യ ഘടകം, അന്ത്യനാൾവരെ സംഭവിക്കാനിരിക്കുന്ന എല്ലാ കാര്യങ്ങളും 'ലൗഹുൽ മഹ്ഫൂദി'ൽ (സംരക്ഷിതഫലകം) അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വിശ്വസിക്കലാണ്.

**സംരക്ഷിത ഫലകം (ലൗഹുൽ മഹ്ഫൂദ്)**

ആകാശങ്ങളിലുള്ള വിജ്ഞാനത്തിന്റെ മഹത്തായ ഒരു രേഖയാണ് 'ലൗഹുൽ മഹ്ഫൂള്.' പ്രപഞ്ചത്തിൽ നടക്കാനിരിക്കുന്ന എല്ലാ കാര്യങ്ങളും, അതോടൊപ്പം തന്റെ പ്രവാചകന്മാർക്ക് അവതരിപ്പിക്കാനിരിക്കുന്ന എല്ലാ വേദഗ്രന്ഥങ്ങളും അല്ലാഹു അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

'ലൗഹുൽ മഹ്ഫൂദ്' എന്നത് വെള്ളികൊണ്ടോ സ്വർണംകൊണ്ടോ ആഭരണങ്ങൾ കൊണ്ടോ മറ്റു വല്ല വിലപിടിപ്പുള്ള വസ്തുകൊണ്ടോ നിർമിച്ചതാണോ? ഇത്തരം ചോദ്യങ്ങൾക്ക് മറുപടി പറയാൻ നമുക്ക് അവകാശമില്ല. കാരണം പ്രാമാണിക ഗ്രന്ഥങ്ങളിലൂടെ അതിനെക്കുറിച്ചുള്ള അറിവ് നമുക്ക് നൽകപ്പെട്ടിട്ടില്ല.

'ലൗഹ്' എന്നാൽ 'ഫലകം' എന്നും 'മഹ്ഫൂദ്' എന്നാൽ 'സംരക്ഷിക്കപ്പെട്ടത്' എന്നുമാണർഥം. അതിനാൽ 'ലൗഹുൽ മഹ്ഫൂദ്' എന്നാൽ അല്ലാഹുവിങ്കൽ ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു ഫലകം. ഖുർആനിൽ വിവിധ പേരുകളിലായി അതിനെ സൂചിപ്പിക്കുന്നുണ്ട്.

*1. അല്ലൗഹുൽ മഹ്ഫൂള് (സംരക്ഷിത ഫലകം):*

"അല്ല, അത് മഹത്ത്വമേറിയ ഒരു ഖുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്" (അൽബുറൂജ്: 21-22).

*2. അൽകിതാബ് (ഗ്രന്ഥം അഥവാ രേഖ):*

"ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ' (അൽഹജ്ജ്: 10).

*3. ഇമാമുൻ മുബീൻ (വ്യക്തമായ രേഖ):*

"അവർ ചെയ്തുവെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തരഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വെച്ചിരിക്കുന്നു" (യാസീൻ:12).

*4. കിതാബുൻ മസ്തൂർ (എഴുതപ്പെട്ട ഗ്രന്ഥം അല്ലെങ്കിൽ രേഖ):*

"ത്വൂർ പർവതം തന്നെയാണെ, സത്യം! എഴുതപ്പെട്ട ഗ്രന്ഥം തന്നെയാണ, സത്യം. നിവർത്തിവെച്ച തുകലിൽ" (സൂറതുത്ത്വൂർ: 1-3).

*5. ഉമ്മുൽ കിതാബ് (മൂലഗ്രന്ഥം):*

"തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ (സൂക്ഷിക്കപ്പെട്ടതത്രെ). അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു" (അസ്സുഖ്റുഫ്: 4).

*6. അദ്ദിക്ർ (ഉൽബോധനം)*

"ഭൂമിയുടെ അനന്തരാവകാശമെടുക്കുന്നത് എന്റെ സദ്‌വൃത്തരായ ദാസൻമാരായിരിക്കും എന്ന് ഉൽബോധനത്തിന് ശേഷം നാം സബൂറിൽ രേഖപ്പെടുത്തിയിട്ടുണ്ട്" (അൽഅമ്പിയാഅ്: 105).

*(തുടരും)*

കവിത

## സുധീർ മേച്ചേരി



# പിന്തിരിയാത്ത പോരാളി

മായാത്ത മുറിവുകൾ പടർന്ന
മനസ്സു നീ പതുക്കെ തടവണം...
ആ മുറിവിന്നാഴങ്ങളിൽ
ചിന്തയുടെ കൂർത്ത നഖങ്ങൾ പതിക്കേണ്ട,
ഇനിയും വ്രണപ്പെടുത്തിടേണ്ട
നിൻ മൃദുവാർന്ന മാനസത്തെ.
തോൽക്കുവാനാവാത്ത പോരാളിയായി നീ
ജീവിത വിജയത്തിനൊരുങ്ങീടുക.
അവധാനതയും ക്ഷമയുമുണ്ടെങ്കിലേ
ജീവിതവിജയം നിൻ കൂടെ നിൽക്കൂ.
കാത്തിരിപ്പൊന്നും കൈപ്പല്ലെന്നറിയുക,
പോരാട്ട വീഥിയിൽ മുന്നേറുക.
ഇനിയും നടക്കേണ്ടതുണ്ട് നീ ഭൂമിയിൽ
പതറാതെ ആയുസ്സൊടുങ്ങുവോളം.
തളരേണ്ടതില്ല, നിൻ മനമുണരട്ടെ
പുതിയ പാഠങ്ങൾ പഠിച്ചിടാനായ്.
കാത്തുനിൽക്കുക, നിൻ
സുന്ദര സ്വപ്നങ്ങൾ
പുലരുന്ന നാളിനായ് ആശയോടെ.
രാവിന്നിരുട്ടു പോയ് ചക്രവാളത്തിലായ്
വെള്ളിവെളിച്ചം വിടരുന്ന പോൽ
വന്നെത്തിടുമത് നിന്നെയും തേടി.
ആ പൊൻപുലരി നിന്റേതാവും
അന്നു നിന്റെ മനസ്സിലെ മുറിവുകൾ മായും
അവിടെ സുഗന്ധം പൊടിയും
അത് നിന്റെ മുഖത്ത്
പുഞ്ചിരിയായ് വിടരും...

■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# എന്തുകൊണ്ട് ഫലസ്തീൻ ?

ലോകമെമ്പാടും ചലനം സൃഷ്ടിക്കാൻ
കെൽപ്പുള്ള ഫലസ്തീൻ
എന്ന കൊച്ചുരാജ്യത്തിന്റെ
പോരാട്ട വീര്യത്തിന്റെ
പിന്നാമ്പുറങ്ങളിലേക്ക് ഒരു എത്തിനോട്ടം.

WISDOM BOOKS




200 രൂപയുടെ പുസ്തകം ഇപ്പോൾ 160 രൂപക്ക്

# യഹൂദരും ഫലസ്തീനും

## ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും

ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

FREE HOME DELIVERY

ORDER NOW

പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 26 July 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

دار الحكمة
WISDOM
HOUSE
CALICUT




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031